# മലങ്കരസഭ

## മാസിക



മാർച്ച് 27–ാം തീയതി
82–ാം വയസ്സിലേക്ക്
പ്രവേശിക്കുന്ന
പ. ബാവാതിരുമനസ്സിലേക്ക്
''മലങ്കരസഭ''യുടെ
ആശംസകൾ!


1988
മാർച്ച്
ലക്കം 3
പുസ്തകം 43




പരിശുദ്ധ പിതാവിന് ജന്മദിനാശംസകൾ



ഫാ. പി.സി. ഗീവർഗീസും
കുടുംബവും
TAMPA, FLORIDA.

# മലങ്കരസഭ

10–3–1988

## സഭാദിനവും കാതോലിക്കാദിനപ്പിരിവും

### പ. ബാവാ തിരുമനസ്സിലെ കല്പന

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തുപട്ടക്കാരും പള്ളിക്കൈക്കാരന്മാരും ശേഷം ജനങ്ങളുംകൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

ഇക്കൊല്ലം സഭാദിനം (കാതോലിക്കാദിനം) മാർച്ച് 20–ാം തീയതി ഞായറാഴ്ച ആണല്ലോ. സഭാദിനാചരണത്തോടനുബന്ധിച്ചുള്ള കാതോലിക്കേറ്റ് പതാക ഉയർത്തൽ, സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന, പൊതു സമ്മേളനം, സഭാദിന പ്രതിജ്ഞ, കാതോലിക്കാദിനപ്പിരിവ് തുടങ്ങിയ എല്ലാ കാര്യങ്ങളും വിജയിപ്പിക്കുവാൻ നിങ്ങളേവരും പരമാവധി ശ്രദ്ധിക്കണം.

1975–ൽ ഒരുലക്ഷത്തി പതിനാറായിരമായിരുന്ന കാതോലിക്കാ ദിനപ്പിരിവ് ക്രമേണ വർദ്ധിച്ച് 1987–ൽ അത് ഏകദേശം പതിനൊന്നു ലക്ഷമായിട്ടുണ്ട്. ഈ വർദ്ധനവ് നമുക്കേവർക്കും സംതൃപ്തി നൽകുന്നുണ്ട്. എന്നിരുന്നാലും നാണയമൂല്യം കുറഞ്ഞതു മൂലം സഭയുടെ വിവിധ ആവശ്യങ്ങൾക്ക് ഈ തുക മതിയാകാതെയാണിരിക്കുന്നത്,

കേരളത്തിലും പുറത്തും പള്ളിയാരാധനയിൽ സംബന്ധിക്കുവാൻ സൗകര്യമില്ലാത്ത സഭാംഗങ്ങൾ ധാരാളമുണ്ട്. അടുത്തകാലത്ത് അങ്ങിനെയുള്ള പല സ്ഥലങ്ങളിലും ആരാധനാലയങ്ങൾ നിർമ്മിക്കുവാൻ ആളുകൾ സ്വമേധയാ മുന്നോട്ടു വരുന്നു

### ഈ ലക്കത്തിൽ


* പ. ബാവാ തിരുമനസ്സിലെ കല്പന
* കാതോലിക്കാദിനപ്പിരിവ് നിർദ്ദേശങ്ങൾ
* സണ്ടേസ്കൂൾ മത്സര പരീക്ഷാഫലം
* ഫാ. ജോർജ് കളീക്കലിന്റെ കുടുംബത്തെ....
* സഭൈക്യം
* മലങ്കരസഭയും നവീകരണക്കാരും
* നീറിപ്പുകയുന്ന നാടിനെ നോക്കിക്കൊണ്ട്
* മലങ്കര നസ്രാണികളും ജാതിത്തലവന്മാരും
* ഭിലായ് മിഷൻ
* നിലയ്ക്കൽ സെ. തോമസ്....
* പഴയ താളുകൾ
* മുറോൻകൂദാശ നാല്പതാം വെള്ളിയാഴ്ച
* സംശയങ്ങൾ ചോദിക്കുക
* തെററിദ്ധാരണകൾ
* അനുതാപഗീതങ്ങൾ
* സഭാവാർത്തകൾ
* ബൈബിൾപഠനം

ണ്ട്. എന്നാൽ അംഗസംഖ്യ കുറവായതുകൊണ്ടും സാമ്പത്തികമായ ഞെരുക്കം കൊണ്ടും അവർ മാത്രം പരിശ്രമിച്ചാൽ ഒരു പള്ളിയോ ചാപ്പലോ നിർമ്മിക്കുവാൻ കഴിഞ്ഞെന്നു വരികയില്ല. അവർ സ്വാഭാവികമായി സഭാ കേന്ദ്രത്തെ സമീപിക്കാറുണ്ട്. അതുപോലെ തന്നെ പള്ളികളുടെ ജീർണ്ണോദ്ധാരണത്തിനും സഹായമഭ്യർത്ഥിക്കുന്നുണ്ട്. ഈ കാര്യങ്ങൾക്ക് നമ്മുടെ പക്കൽ കിട്ടുന്ന അപേക്ഷകൾ അനവധിയാണ്. അപേക്ഷകളിൽ ആവശ്യപ്പെടുന്ന സംഖ്യയുടെ ഒരു ചെറിയ ഭാഗം മാത്രമെ കൊടുക്കുവാൻ സാധിക്കുന്നുള്ളു. പല അപേക്ഷകർക്കും ഈ വർഷം യാതൊരു സഹായവും കൊടുക്കാൻ സാധിക്കാതെ അടുത്ത വർഷത്തേക്ക് മാററി വച്ചിരിക്കുകയാണ്. ഈ വർഷം ഇതിനകം കാതോലിക്കാ ദിനപ്പിരിവിൽ നിന്നും മററു ഫണ്ടുകളിൽ നിന്നുമായി നാലു ലക്ഷത്തി നാല്പത്തയ്യായിരം രൂപാ ഈ കാര്യത്തിന് നൽകുകയുണ്ടായി.ഒരു വലിയ തുക കൂടി ഇനിയും ഇതിലേക്ക് ആവശ്യമുള്ളതായിട്ടാണ് കാണുന്നത്. സഭയ്ക്കുവേണ്ടി പ്രവർത്തിക്കുവാൻ സ്വയം മുന്നോട്ടു വരുന്നവരെ നിരാശപ്പെടുത്താതിരിക്കണമെന്ന് നമുക്കാഗ്രഹമുണ്ട്. അതുപോലെ തന്നെ അനാഥാലയങ്ങൾ, ആതുരാലയങ്ങൾ, സാമൂഹ്യക്ഷേമം, സാധുജനങ്ങൾക്കുള്ള ഭവനനിർമ്മാണം മുതലായ കാര്യങ്ങൾക്ക് ചെലവിടുവാൻ സാധിക്കുന്ന തുക വളരെ പരിമിതമാണ്.

ആണ്ടുതോറും ഒരു പ്രാവശ്യം മാത്രം ശേഖരിക്കുന്ന കാതോലിക്കാദിനപ്പിരിവ് വളരെയധികം വർദ്ധിപ്പിച്ചെങ്കിൽ മാത്രമെ മേൽ വിവരിച്ച കാര്യങ്ങൾക്ക് ആവശ്യാനുസരണം സഹായം നൽകുവാൻ സാദ്ധ്യമാകയുള്ളു. ഓരോ വർഷത്തെയും പിരിവുലിസ്ററുകൾ നാം പരിശോധിക്കാറുണ്ട്. പിരിവു തുക ക്രമേണ വർദ്ധിക്കുന്നുണ്ടെന്നുള്ളത് ശരിതന്നെ. പക്ഷേ ഇപ്പോഴും ശരാശരി പിരിവ് ഭവനമൊന്നിന് 5 രൂപായിൽ കുറവായി മാത്രമുള്ള ധാരാളം പള്ളികളുണ്ടെന്ന് കാണുന്നത് ഖേദകരമാണ്.

പ്രിയരെ, നിങ്ങളുടെ കുടുംബത്തിലെ ഒരു ദിവസത്തെ മൊത്തവരുമാനം കണക്കാക്കുമ്പോൾ ഇന്ന് അഞ്ചു രൂപാ ആണോ? നാം മനസ്സിലാക്കുന്നത്, കുറഞ്ഞത് ഇരുപത്തഞ്ച് രൂപാ വരുമെന്നാണ്. അതുകൊണ്ട് നിങ്ങൾ ഈ കാര്യത്തിൽ കുറയ്ക്കരുത്. ആണ്ടിൽ ഒരു ദിവസത്തെ വരുമാനം സഭയ്ക്കുവേണ്ടി കൊടുക്കണം. കഴിവുള്ളവർ അതിൽ കൂടുതലും കൊടുക്കണം. നിങ്ങൾക്ക് ഒരു കുറവും വരികയില്ല.

''കൊടുക്കുക എന്നാൽ നിങ്ങൾക്ക് കിട്ടും അമർത്തി കുലുക്കി നിറഞ്ഞുകവിയുന്ന നല്ല അളവുതന്നെ നിങ്ങൾക്ക് ലഭിക്കും. നിങ്ങൾ അളന്നു കൊടുക്കുന്ന അളവായിരിക്കും നിങ്ങൾക്ക് തിരിച്ചു കിട്ടുക'' എന്ന വേദവാക്യം നിങ്ങളുടെ കാതുകളിൽ മുഴങ്ങട്ടെ.

ഒരു കാര്യംകൂടെ നിങ്ങളുടെ ശ്രദ്ധയിൽപെടുത്തട്ടെ. ആണ്ടുതോറും നിങ്ങൾ നമുക്കു നൽകുന്ന റിശ്ശീസാ, പ്രായപൂർത്തിയായ ഓരോ സഭാംഗവും അതതു പള്ളിവികാരിമാരെ ഏല്പിക്കണം. വികാരിമാർ കാതോലിക്കാദിനപിരിവു തുകയോടു കൂടി ആ തുകയും നമ്മുടെ പേർക്ക് അയച്ചുതരണം.

ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിൻെറ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടുംകൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ........

1988 ഫെബ്രുവരി 24–ാം തീയതി കോട്ടയം കാതോലിക്കേററ് അരമനയിൽ നിന്ന്



# കാതോലിക്കാദിനപ്പിരിവ് നിർദ്ദേശങ്ങൾ

1. കാതോലിക്കാ ദിനപ്പിരിവിനെപ്പററി ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് ഓരോ മെത്രാസനത്തിലും ഗ്രൂപ്പ് മീററിംഗുകൾ സംഘടിപ്പിക്കണം. ഈ യോഗങ്ങളിൽ ഇടവക മെത്രാപ്പോലീത്താമാരും, മെത്രാസന കൗൺസിൽ അംഗങ്ങളും, അതാതു മെത്രാസനത്തിലെ മാനേജിംഗ് കമ്മററി അംഗങ്ങളും സംബന്ധിക്കണം.

2. പ്രത്യേകം തെരഞ്ഞെടുത്ത പ്രസംഗചാതുര്യമുള്ള ആളുകളെ സഭാദിനത്തെപ്പററി പള്ളികളിൽ പ്രസംഗിക്കുന്നതിന് നിയോഗിക്കണം. ആയതിലേക്ക് അതാതു മെത്രാസനങ്ങളിൽ സന്നദ്ധതയുള്ളവരുടെ സേവനം ഉപയോഗപ്പെടുത്തണം. എല്ലാ പള്ളികളിലും പ്രസംഗകർ 36–ാം ഞായറാഴ്ചയ്ക്കു മുമ്പുതന്നെ എത്തത്തക്കവണ്ണം മുൻകൂട്ടി പ്രോഗ്രാം തയ്യാറാക്കണം.

3. ഭവന സന്ദർശനം നടത്തി പിരിവ് സ്വീകരിക്കുന്ന രീതി എല്ലാ പള്ളികളിലും നിർബ്ബന്ധമാക്കണം. നൂറുശതമാനം ഭവനങ്ങളിൽ നിന്നും പിരിവ് ശേഖരിക്കണം. 15 ഭവനങ്ങൾക്ക് രണ്ടു പേർ എന്ന തോതിൽ ഇടവകയിലെ മുഴുവൻ ഭവനങ്ങളും സന്ദർശിക്കുവാൻ അനുയോജ്യരായ ആളുകളെ ചുമതലപ്പെടുത്തണം. ബ. വികാരിയച്ചൻ കഴിവതും എല്ലാ ഭവനങ്ങളും ഒരു പ്രാവശ്യമെങ്കിലും ഈ ആവശ്യത്തിന് സന്ദർശിക്കണം.

4. താരതമ്യേന പിരിവ് കൂടുതലുള്ള പള്ളികൾക്കും വികാരിയച്ചന്മാർക്കും മററുമുള്ള പ്രോത്സാഹനം ഇപ്പോൾ ഉള്ളതുപോലെ തുടരണം. പല കൊല്ലങ്ങളിൽ തുടർച്ചയായി പിരിവ് വിജയിപ്പിക്കുന്ന പട്ടക്കാർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനെപ്പററി ആലോചിക്കണം.

5. ഓരോ ഇടവകയിലും കാതോലിക്കാ ദിനപ്പിരിവ് തന്നവരുടെയും തരാത്തവരുടെയും പേരു വിവരം പള്ളിയിൽ പ്രസിദ്ധപ്പെടുത്തണം. സാമ്പത്തികമായി കഴിവുള്ള പള്ളികളിൽ ലിസ്റ്റ് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുവാൻ നിർദ്ദേശിക്കണം. ലിസ്റ്റുകളുടെ രണ്ടു പ്രതികൾ തുക കൊടുക്കുന്ന സമയത്ത് ഏല്പിക്കുകയും ഒന്നിൽ തുക സ്വീകരിച്ചതായി ഒപ്പിട്ട് മുദ്രവെച്ച് തിരികെ കൊടുക്കുന്ന രീതി പ്രോത്സാഹിപ്പിക്കണം.

6. താരതമ്യേന പിരിവ് കറവുള്ള പള്ളികളുടെ കാര്യത്തിൽ ഇടവക മെത്രാപ്പോലീത്താ തിരുമേനിമാരും, മെത്രാസന കൗൺസിൽ അംഗങ്ങളും, ബ. വികാരി അച്ചന്മാരും, അതാതു മെത്രാസനത്തിലെ അസോസ്യേഷൻ മാനേജിംഗ് കമ്മററി അംഗങ്ങളും പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. പിരിവ് കൊടുക്കാത്ത ഒരു പള്ളിയും ഒരു മെത്രാസനത്തിലും ഉണ്ടാകാതിരിക്കുന്നതിനും, ഏതാനും സഭാംഗങ്ങൾ മാത്രമുള്ള പള്ളികളിൽ നിന്നുപോലും പിരിവ് ശേഖരിക്കുന്നതിനും ശ്രദ്ധിക്കണം. പിരിവ് കുറയുവാനുള്ള കാരണം കണ്ടുപിടിച്ച് പിരിവ് വർദ്ധിപ്പിക്കുവാനുള്ള ഒരു പദ്ധതി രൂപീകരിക്കുകയും ബന്ധപ്പെട്ട പള്ളിവികാരിയുടെയും പള്ളി കമ്മററിക്കാരുടെയും സഹകരണത്തോടുകൂടെ പ്രസ്തുത പദ്ധതി നടപ്പാക്കുകയും ചെയ്യുന്നതിന് അസോസ്യേഷൻ മാനേജിംഗ് കമ്മററി അംഗങ്ങൾ ഉത്സാഹിക്കണം.

പോൾ മത്തായി സഭാസെക്രട്ടറി

---

# സണ്ടേസ്കൂൾ മത്സര പരീക്ഷാഫലം

അഖില മലങ്കരാടിസ്ഥാനത്തിൽ നടത്തിയ ഓർത്തഡോക്സ് സണ്ടേസ്ക്കൂൾ മത്സരപരീക്ഷയിൽ അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സുവരെ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി വിജയിച്ചവരുടെ പേരു വിവരമാണ് ചുവടെ ചേർക്കുന്നത്.

| ക്ലാസ് | പേര് | സണ്ടേസ്ക്കൂൾ | മെത്രാസനം | റാങ്ക് |
|---|---|---|---|---|
| V | ബീനാകോശി | സെ. സ്റ്റീഫൻസ് മാക്കാംകുന്ന് | തുമ്പമൺ | I |
| | സുനിൽ മെർലിൻ ജോർജ്ജ് | എം. ജി. എം. കല്ലട | ചെങ്ങന്നൂർ | II |

# മലങ്കരസഭയും നവീകരണക്കാരും (iii)

## ഏബ്രഹാം സഖറിയാ എം. എ., ചെമ്പകമഠം

### സ്വാതന്ത്ര്യത്തിന്റെ വീണ്ടെടുപ്പ്

2) വ്യതിയാനം. ഇതിന് ഒററ വാചകത്തിൽ മറുപടി മതിയാകും.

തങ്ങളുടേതിനെക്കാൾ സഹസ്രാബ്ദങ്ങളോളം പുരാതനവും, അന്നു മുതൽ ഇന്നേയോളം പ. സുന്നഹദോസുകളാൽ നിയന്ത്രിതവും, വേദശാസ്ത്രാധിഷ്ഠിതവും, ആഗോളവ്യാപ്തവുമായ ഓർത്തഡോക്സ് വിശ്വാസസംഹിതയിൽ നവീകരണപ്രേമികൾക്കു എന്തു വ്യതിയാനമാണു വരുത്താൻ കഴിയുന്നത്?

### ദുഷിപ്പു പ്രചാരണം

സഭയിലെ എടുത്തു കളഞ്ഞ ഒരു ദുഷിപ്പായി മത്തോമ്മാ മെത്രാപ്പോലീത്താ കൊട്ടിഘോഷിക്കയും കാസററിലൂടെ ആഗോള ദുഷ്പ്രചരണം ഇന്നും നടത്തിക്കൊണ്ടിരിക്കയും ചെയ്യുന്നത്, മാരാമൺ പള്ളിയിൽ ഒരു മുത്തപ്പ പ്രതിമ ഉണ്ടായിരുന്നതു മല്പാനച്ചൻ എടുത്തു കിണററിൽ ഇട്ടുകളഞ്ഞു എന്നതാണ്. മലങ്കരയിലെ വേറൊരു പള്ളിയിലും പ്രതിമ ഇല്ലായിരുന്നല്ലോ. മാരാമണ്ണു പള്ളിയിൽ ഉണ്ടായിരുന്നെങ്കിൽ അതിന്റെ സംരക്ഷകരും പ്രോത്സാഹകരും അവിടത്തെ വികാരിയായിരുന്ന പാലക്കുന്നത്തു കത്തനാരച്ചൻ(മല്പാനച്ചന്റെ മുൻഗാമികളും, മല്പാനച്ചനും) അല്ലേ? അതിൽ നിന്നു കത്തനാർമ്മാർക്കു പണം വരവുണ്ടായിരുന്നു എന്നു ലേഖനത്തിൽ പറഞ്ഞിരിക്കുന്നതും പാലക്കുന്നത്തു കത്തനാരച്ചന്മാർക്ക് ആയിരുന്നില്ലേ? ആ പ്രതിമക്കാര്യം മലങ്കര മെത്രാന്റെ ദൃഷ്ടിയിൽ പെടുത്താതെ രഹസ്യമായി സൂക്ഷിച്ചിരുന്നതും അവരല്ലേ? അതിനു സഭയെ എന്തിനു പഴിക്കണം? അതു് എടുത്തുകളഞ്ഞതു് എന്തിനു കൊട്ടിഘോഷിക്കണം? അവരുടെ കുററം വൈകിയെങ്കിലും അവർ തിരുത്തി എന്നല്ലേയുള്ളു.

### പ്രോട്ടസ്ററന്റു വിശ്വാസം

മത്തോമ്മാക്കാർ യഥാർത്ഥമായി പ്രോട്ടസ്റ്റന്റു വിശ്വാസികളാണെങ്കിലും ആ വസ്തുത തുറന്നു സമ്മതിക്കാൻ അവർക്കു മടിയാണ്. കിഴക്കൻ സഭയായ ഓർത്തഡോക്സുകാരോടു ഇടപെടുമ്പോൾ വേഷത്തിലും ഭാവത്തിലും കിഴക്കൻ സഭയായും, പശ്ചാത്യ സഭകളുടെ ഒരു വിഭാഗമായ പ്രോട്ടസ്റ്റന്റുകാരോടു ഇടപെടുമ്പോൾ തങ്ങൾ വിശ്വാസത്തിൽ പ്രോട്ടസ്റ്റന്റുകാരാണെന്നും മത്തോമ്മാക്കാർ ഭാവിക്കും. പക്ഷിയുടെ ചിറകും, മൃഗത്തിന്റെ ചർമ്മവും ഉള്ള വവ്വാലിനെപോലെയോ, നാഗശിരസ്സും മത്സ്യവാലും കാട്ടുന്ന നാഗമത്സ്യത്തെ പോലെയോ ഒരു നയമാണല്ലോ അതു്.

ലോക ക്രൈസ്തവ സഭകൾ എല്ലാംതന്നെ മൂന്നു പ്രധാന കുടുംബത്തിൽ പെടുമെന്നു സഭാശാസ്ത്രജ്ഞന്മാർ വിവക്ഷിക്കുന്നു.

1) ഓർത്തഡോക്സ് 2) റോമൻ കത്തോലിക് 3) പ്രോട്ടസ്റ്റന്റ്. ഇതിൽ ഏതു കുടുംബത്തിൽ പെട്ടവരാണ് തങ്ങൾ എന്നു സംശയത്തിനു ഇടയില്ലാത്ത വിധം മത്തോമ്മാ സഭയ്ക്കു് വിശദമാക്കാൻ കഴിയുമോ?

ആദ്യ സഭയെ പഴിചാരുകയും തങ്ങളുടെ 'ഇല്ലാതെമ്മയ്ക്കു' കാസററുകൾ തീർത്തു ആഗോള പ്രചരണം നടത്തുകയും ചെയ്യുന്നതിലെ ആത്മാർത്ഥത ഒന്നു സ്വയം പരിശോധനയ്ക്കു വിധേയമാക്കിയാൽ കൊള്ളാമായിരുന്നു.

സഭാ ഐക്യത്തിനു നാം ആഗ്രഹിക്കുമ്പോൾ ഇങ്ങിനെയുള്ള ലേഖനങ്ങൾ ഒഴിവാക്കുകയാണ്

മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ലില്ലിക്കുട്ടി രാജു, പ്ലാംപറമ്പിൽ, ആനിക്കാട്.



Late Geevarghese, Kulakada.



# നീറിപ്പുകയുന്ന നാടിനെ നോക്കിക്കൊണ്ട്

ഒരു മറുനാടൻ മലയാളിയായ ഈ ലേഖകന്റെ ഇപ്രാവശ്യത്തെ കേരള പര്യടനം മനസ്സിനെ അസ്വസ്ഥമാക്കാൻ പോന്നതായിരുന്നു. മറുനാടൻ മലയാളി ആയിട്ട് മൂന്നു പതിററാണ്ടുകളിലേറെയായി. എന്നിട്ടും വർഷത്തിലൊരിക്കലെങ്കിലും സ്വന്തം നാടിന്റെ മുഖം കാണാതിരുന്നിട്ടില്ല. പക്ഷേ പണ്ടെന്നത്തേക്കാളും അസ്വസ്ഥമായ ഒരു നാടിനെയാണ് ഇപ്രാവശ്യം എനിക്കു കാണാൻ കഴിഞ്ഞതു്.

വീഥികൾ നിറഞ്ഞൊഴുകുന്ന സമരജാഥകളും കാതടപ്പിക്കുന്ന മുദ്രാവാക്യങ്ങളും സുന്ദരമായ നമ്മുടെ നാടിനെ ശാപഗ്രസ്തമാക്കി മാററിയിരിക്കുന്നു. നഗരങ്ങളിൽ മാത്രമല്ല, നാട്ടുമ്പുറങ്ങളിലും സമരജാഥകൾ കാണാൻ ഈ ലേഖകനു കഴിഞ്ഞു.

'നാട്യപ്രധാനം നഗരം ദരിദ്രം

നാട്ടുമ്പുറം നന്മകളാൽ സമൃദ്ധം' എന്നു പാടിയ കുററിപ്പുറം ഇന്നു ജീവിച്ചിരുന്നെങ്കിൽ നമ്മുടെ നാട്ടുമ്പുറങ്ങൾക്കു വന്ന മാററം ഓർത്തു ദുഃഖിക്കുമായിരുന്നു.

'ശാന്തവും സുന്ദരവും സമാധാനപൂർണ്ണവുമായ കേരളം' ഒരു മിഥ്യാ സങ്കല്പം ആയി മാറുകയാണോ? പഠിപ്പു മുടക്കുന്ന വിദ്യാർത്ഥികൾ, തൊഴിൽശാല പൂട്ടിക്കുന്ന തൊഴിലാളികൾ, ലാഭക്കൊതി പൂണ്ട മുതലാളിമാർ, ദർശനം നഷ്ടപ്പെട്ട നേതാക്കന്മാർ, വർഗ്ഗീയഭ്രാന്തു ബാധിച്ച സമുദായ പ്രവർത്തകർ, ഇവയെല്ലാം ജരാബാധിതമായ നമ്മുടെ നാടിന്റെ ഓരോ മുഖം ഈ ലേഖകനു കാട്ടിത്തന്നു.

കൊള്ള, കൊള്ളിവെയ്പ്പ്, കൊലപാതകം, ബലാൽസംഗം ഇതെല്ലാം ഇന്ന് പുതുമ നഷ്ടപ്പെട്ട വാർത്തകൾ ആയി മാറിയിരിക്കുന്നു. മദ്യപാനാസക്തി, അർബ്ബുദരോഗംപോലെ നമ്മുടെ നാടിന്റെ ആത്മാവിനെ കാർന്നുതിന്നുന്നു.

കേരളത്തിലെ രാഷ്ട്രീയരംഗം അധാർമ്മികതയുടെയും ആദർശരാഹിത്യത്തിന്റെയും കേളീരംഗം ആയി മാറിക്കഴിഞ്ഞു. അസ്വസ്ഥതകൾ സൃഷ്ടിച്ച് അധികാരം നിലനിറുത്തുന്ന കുതന്ത്രം ഇന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളും സ്വായത്തമാക്കിയിരിക്കുന്നു. പേരുകളിലുള്ള വ്യത്യാസമല്ലാതെ സമരതന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിൽ എല്ലാ കക്ഷികളും ഒരേ വീക്ഷണം പുലർത്തുന്നു.

കോൺഗ്രസ് ഐ, കോൺഗ്രസ് എസ്, കേരളാകോൺഗ്രസ് എം. കേരളാകോൺഗ്രസ് ജെ, വലതുകമ്മ്യൂണിസ്ററ്, ഇടതുകമ്മ്യൂണിസ്ററ്, ആർ. എസ്. പി., മുസ്ലീലീഗ്, ജനതാപാർട്ടി ഇങ്ങനെ എത്രയെത്ര രാഷ്ട്രീയ പാർട്ടികൾ! ജനാധിപത്യത്തെയും, മതേതരത്വത്തെയും പററി പ്രസംഗവേദികളിൽനിന്ന് വായ്തോരാതെ പ്രസംഗിക്കുന്നവർ, വർഗ്ഗീയ ശക്തികളെയും, ജനാധിപത്യവിരുദ്ധ ശക്തികളെയും പിന്നിൽനിന്ന് പ്രോത്സാഹിപ്പിക്കുന്നുവെന്നത് ഒരു നഗ്നസത്യമാണ്.

ഏതു രാഷ്ട്രീയ പാർട്ടികൾക്കും പോഷക സംഘടനകളുണ്ട്. രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങളായി പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകളും, വിദ്യാർത്ഥിസംഘടനകളുമാണ് പ്രധാനമായും സമരങ്ങൾ കുത്തിപ്പൊക്കിപ്പിക്കുന്നതു്. തൊഴിൽ സമരങ്ങൾ നാടിന്റെ വ്യാവസായിക സമൃദ്ധിക്കു തുരങ്കം വയ്ക്കുന്നു. വിദ്യാർത്ഥിസമരങ്ങൾ നാടിന്റെ ഭാവിയെത്തന്നേ തകർക്കുന്നു.

നാട്ടിലെങ്ങും അരക്ഷിതാവസ്ഥ നടമാടുന്നു. സ്വർണ്ണാഭരണങ്ങൾ അണിഞ്ഞുകൊണ്ടു നടക്കാൻ ജനങ്ങൾ ഭയപ്പെടുന്നു. കക്ഷിഭേദം കൂടാതെ ക്രമസമാധാനപാലനം നടത്തേണ്ട പോലീസുകാർ ഭരണക...

## റവ. ഫാ. പി. എസ്. സാമുവേൽ

...വേണ്ടതു എന്നു അഭിലഷിക്കുന്ന ജനങ്ങൾ ഉണ്ടെങ്കിൽ അവരോടു ഈ ലേഖകനും യോജിക്കുകയാണ്. എന്നാൽ വിവാദ വിഷയങ്ങൾ ഒരു ഭാഗത്തു നിന്നു തുടങ്ങിയിട്ടു, നാം ഐക്യ ബുദ്ധികൊണ്ടുമാത്രം മീ... ക്ഷിച്ചാൽ, ആ ഭാഗം ശരിയെന്നു വായനക്കാർ വിശ്വസിക്കാൻ ഇടയാകുമല്ലോ. നേരെമറിച്ചു മറുഭാഗം അതു തുടങ്ങാതെയിരിക്കയായിരുന്നില്ലേ നല്ലതു്? അതു തുടങ്ങാത്ത കാരണങ്ങൾ കൊണ്ടാണ്, ശ്രീ ജോർജ്ജു വർഗീസും ഈ ലേഖകനും ഒക്കെ ചരിത്രവസ്തുതകൾ നിരത്തി ഓർത്തഡോക്സു വിശ്വാസികളെ ചരിത്ര യാഥാർത്ഥ്യങ്ങൾ ഗ്രഹിപ്പിക്കാൻ ശ്രമിക്കുന്നതു്. അല്ലാതെ സഭാഐക്യത്തിനു വിപരീതമായിട്ടല്ല.

—o—

ക്ഷിയുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നിർബന്ധിതരാവുന്നു. അടുത്ത കാലത്ത് പന്തളം എം. എൽ. എ. സ്വന്ത നാട്ടിൽവച്ച് പോലീസിനാൽ മർദ്ദിതനായ വാർത്ത പത്രങ്ങളിൽ കണ്ടു.

പരിപാവനമായി കരുതേണ്ട നിയമസഭാ മന്ദിരത്തിൽ വാക്കേററവും മൽപ്പിടുത്തവും നടക്കുന്നു. ചിലപ്പോൾ സഭാനടപടികൾ നിറുത്തിവയ്ക്കേണ്ടിവരുന്നു.

പൗരാവകാശങ്ങൾ നിഹനിക്കപ്പെടുന്നതിനെപ്പററി നിഷ്പക്ഷമതികൾപോലും പരാതിപ്പെടുന്നു. ഒരു മതേതര രാഷ്ട്രത്തിൽ ഏതെങ്കിലും മതവികാരങ്ങളെ മാനിക്കാതിരിക്കുക എന്നുവന്നാൽ അതിന്റെ അർത്ഥം ജനാധിപത്യം അപകടത്തിൽ എന്നല്ലേ?

### ആത്മീയ ദാഹം

ഈ അസ്വസ്ഥതകൾക്കിടയിലും ചില രജതരേഖകൾ കാണാൻ ഈ ലേഖകനു കഴിഞ്ഞു. ഭഗവൽ ദർശനത്തിനും മന:ശാന്തിക്കും വേണ്ടി ശബരിമലയ്ക്കു ശരണം വിളിയുമായിപ്പോകുന്ന ആയിരമായിരം അയ്യപ്പന്മാർ എന്റെ മനസ്സിനു കുളിർമ്മ പകർന്നു. നിരീശ്വരത്വത്തിന്റെയും ഭൗതിക സുഖാനുഭൂതികളുടെയും നടുവിൽ കെട്ടടങ്ങാതെ നിൽക്കുന്ന ആദ്ധ്യാത്മിക ചൈതന്യം ഏത് ഈശ്വരഭക്തനെയാണ് ആഹ്ളാദഭരിതനാക്കാത്തത്?

വർഷംതോറും മക്കയിലേക്കുള്ള മുസ്ലീം തീർത്ഥാടകരുടെ സംഖ്യ വർദ്ധിക്കുന്നു. പളനിയിലേക്കും ശബരിമലയിലേക്കും ഹൈന്ദവ തീർത്ഥാടകർ പോകുന്നു. മൈലാപ്പൂരും, മലയാററൂരും, പരുമലയും, വേളാങ്കണ്ണിയും, ദേവലോകവും, മണർകാടും എല്ലാം ക്രൈസ്തവർക്ക് പ്രിയപ്പെട്ട തീർത്ഥാടക കേന്ദ്രങ്ങളാണ്.

പരിശുദ്ധനായ പരുമലതിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിക്കാൻ കഴിഞ്ഞത് ഒരു മഹാഭാഗ്യം തന്നെ ആയിരുന്നു. പുണ്യവാളന്റെ കബറിടത്തിലേക്കുള്ള ഭക്തജന പ്രവാഹം ഏതു സഭാസ്നേഹിയെയും കുളിരണിയിപ്പിക്കാൻ പോന്നതായിരുന്നു. കോരിച്ചൊരിയുന്ന പേമാരിയെപ്പോലും വകവയ്ക്കാതെ മലങ്കര സഭയുടെ ഏക പ്രഖ്യാപിത പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാളിൽ ആയിരമായിരം ഭക്തജനങ്ങൾ പങ്കെടുത്തു.

തീർത്ഥാടക കേന്ദ്രങ്ങളിലേക്കു എന്തുകൊണ്ടാണ് ഭക്തജനങ്ങൾ പ്രവഹിക്കുന്നതു? ആത്മീയ ദാഹശമനത്തിനുള്ള മനുഷ്യന്റെ അഭിവാഞ്ഛയാണ് ഇതിനു കാരണം. മാൻ നീർത്തോടുകളിലേക്കെന്നപോലെ ആത്മീയ ദാഹം പൂണ്ട മനുഷ്യാത്മാക്കൾ ഈശ്വര സന്നിധിയിലേക്ക് ഓടിയെത്തുന്നു.


CENTURY AGENCY
AMBASSADOR CORPORATION

753 FRANKLIN AVENUE,
FRANKLIN SQUIRE, NEW YORK-11010.
Phone; 516-872-2100

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U.S.A.
Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M.B.A; G.R.I.




### തൊഴിലാളികളുടെയും സാധുക്കളുടെയും ഉയർച്ച

ഒരു കാലത്ത് അടിച്ചമർത്തപ്പെട്ട തൊഴിലാളികൾ ഇന്നു ഭരണാധികാരികൾ ആയി മാറിയിരിക്കുന്നു. ഒരിക്കലും തങ്ങളുടെ സിംഹാസനങ്ങൾ നഷ്ടപ്പെടുകയില്ലെന്ന മിഥ്യാ സ്വപ്നങ്ങളിൽ മുഴുകിക്കഴിഞ്ഞിരുന്ന സമ്പന്നവിഭാഗം കാലത്തിന്റെ വിധിയെഴുത്തിനു മുമ്പിൽ പകച്ചുനിൽക്കുന്നു.

'ബലവാന്മാരെ സിംഹാസനങ്ങളിൽനിന്നു മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്യുന്ന ദൈവത്തിന്റെ' കരങ്ങളല്ലേ ഇതിന്റെ പിന്നിലുള്ളതെന്ന് ഞാൻ ചിന്തിച്ചു. സാമൂഹ്യസാംസ്കാരിക രാഷ്ട്രീയ രംഗങ്ങളിൽ വിപ്ളവാത്മകങ്ങളായ പരിവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

പ്രഭാതംമുതൽ പ്രദോഷംവരെ വിയർപ്പൊഴുക്കി പണിചെയ്യുന്ന തൊഴിലാളിക്ക് അദ്ധ്വാനത്തിനപ്പുറത്ത് ഒരു ജീവിതതത്വശാസ്ത്രം ഉണ്ടായിരുന്നില്ല. യജമാനന്റെ ഉപ്പും ചോറുമാണ് തങ്ങളുടെ ശരീരം എന്നു വിശ്വസിച്ച് അടിമപ്പണി ചെയ്യുന്ന തൊഴിലാളികളെ മുതലാളിമാർ ശരിക്കും ചൂഷണം ചെയ്തിരുന്നു.

കാലപ്രവാഹത്തിൽ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് തൊഴിലാളികൾ ബോധവാന്മാരായിത്തീരുകയും തൊഴിലാളി—മുതലാളി ബന്ധങ്ങളിൽ അടിസ്ഥാനപരമായ മാററങ്ങൾ ഉണ്ടാവുകയും ചെയ്തു.

പാശ്ചാത്യവിദ്യാഭ്യാസം ലഭിച്ച വിദ്യാസമ്പന്നരാണ് ഈ മാററത്തിനു അടിത്തറ പാകിയതു. അധ:കൃതരുടെ ഉയർത്തെഴുന്നേൽപ്പും, തൊഴിലാളി—മുതലാളി ബന്ധങ്ങളിലെ മാററങ്ങൾക്കു വഴിതെളിച്ചു.

സാഹോദര്യത്വത്തിന്റെ സന്ദേശവാഹകരായ ക്രിസ്ത്യീയ മിഷ്യനറിമാർ അധ:കൃതരെ ഉദ്ധാരണത്തിനു മഹത്തായ പങ്കുവഹിച്ചു. അധികൃതവർഗ്ഗത്തെ സമുദ്ധരിക്കുന്നതിൽ മഹത്തായ പങ്കു വഹിച്ച ഒരു മഹാപുരോഹിതനാണ് പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി. യാഥാസ്ഥിതികത്വം കൊടിപിടിച്ചു വാണിരുന്ന ഒരു കാലഘട്ടത്തിൽ ഒരു യാഥാസ്ഥിതിക സമുദായത്തിലെ യാഥാസ്ഥിതിക കുടുംബത്തിൽ ജനിച്ചുവളർന്ന പരുമല തിരുമേനി താണ ജാതികളായി മുദ്ര അടിക്കപ്പെട്ടിരുന്ന പുലയരുടെയും പറയരുടെയും ഇടയിലേക്ക് ഇറങ്ങിച്ചെന്ന് അവർക്ക് ക്രിസ്തീയവെളിച്ചം പകർന്നുകൊടുത്ത കഥ ആവേശജനകമാണ്. അധ:കൃതവർഗ്ഗത്തിൽപ്പെട്ട പുലയർക്കും പറയർക്കും അദ്ദേഹം മാമോദീസാ നൽകി. സഭയുടെ കവാടങ്ങൾ സമസ്ത മനുഷ്യവർഗ്ഗത്തിനുംവേണ്ടി തുറന്നിടേണ്ടതാണെന്ന സത്യം അദ്ദേഹം പൂർണ്ണമായും മനസ്സിലാക്കിയിരുന്നു. പരുമല തിരുമേനിയുടെ വത്സല ശിഷ്യനും, മലങ്കരയുടെ വലിയ ബസ്സേലിയോസ് എന്ന് പിൽക്കാലത്തു പ്രഖ്യാതനുമായ പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനി ഒരിക്കൽ പറഞ്ഞു.

'പുലയരെയും പറയരെയും മാമൂദീസാ മുക്കി സഭയോടു ചേർക്കുന്നതിന് പരുമല തിരുമേനി വളരെ ആഗ്രഹിക്കുകയും അതിനായി ശ്രമിക്കയും ചെയ്തിരുന്നു. എന്നാൽ നമ്മുടെ ആളുകൾ അതിനു തടസ്സമായിരുന്നു. അവസാനം അവരെല്ലാം കമ്മ്യൂണിസ്ററുകളായി'. പ. ബാവാ തിരുമനസ്സിലെ വാക്കുകളുടെ അർത്ഥം ഇനിയെങ്കിലും മലങ്കര നസ്രാണികൾ മനസ്സിലാക്കിയിരുന്നെങ്കിൽ !

പരുമല തിരുമേനി കൊളുത്തിയ ദീപം കെട്ടണയാതെ സൂക്ഷിച്ചുവെന്നു മാത്രമല്ല കൂടുതൽ ഉയർത്തിപ്പിടിക്കയും ചെയ്ത പുണ്യപുരുഷനാണ് മുക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി. തൃപ്പൂണിത്തുറയിലെ ഒരു യാഥാസ്ഥിതിക നസ്രാണി കുടുംബത്തിൽ പിറന്ന ഉന്നത ബിരുദധാരിയായ അദ്ദേഹം ഭൗതിക സുഖങ്ങളെല്ലാം വലിച്ചെറിഞ്ഞ് അവശസമുദായോദ്ധാരണത്തിനു ഇറങ്ങിത്തിരിച്ച സംഭവം മലങ്കരസഭാചരിത്രത്തിൽ ഒരു നവയുഗത്തിനു നാന്ദി കുറിച്ചു.

ആയിരമായിരം അധ:കൃതരെ അദ്ദേഹം മലങ്കരസഭയുടെ തൊഴുത്തിലേക്കാനയിച്ചു. സ്ലീബാദാസസമൂഹം എന്ന സുവിശേഷപ്രസ്ഥാനത്തിലൂടെ അദ്ദേഹം ചെയ്ത മഹത്സേവനങ്ങൾ സഭാചരിത്രത്തിൽ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. 21—ാം നൂററാണ്ടിന്റെ പടിവാതിലിൽ നിൽക്കുന്ന ഈ സമയത്തുപോലും മലങ്കരനസ്രാണികൾ ജാത്യാഭിമാനം വച്ചുപുലർത്തുന്നു എന്നതു് ദു:ഖകരമാണ്. പരിജ്ഞാനങ്ങളിൽനിന്നും പുരോഹിതന്മാരും മഹാപുരോഹിതന്മാരും ഉണ്ടാകുമ്പോൾ മാത്രമേ അവശജനങ്ങളെക്കുറിച്ച് പരുമല തിരുമേനിയും, മുക്കഞ്ചേരിൽ തിരുമേനിയും വച്ചുപുലർത്തിയിരുന്ന അഭിലാഷങ്ങൾ ഫലപ്രാപ്തിയിലെത്തുകയുള്ളു.

സവർണ്ണരുടെയും സമ്പന്നരുടെയും അടിമകൾ ആയിക്കഴിഞ്ഞിരുന്ന അധ:കൃത വർഗ്ഗത്തെ ഹരിജനം (ഈശ്വരന്റെ ജനം) എന്ന ഉൽകൃഷ്ടവും അർത്ഥ

വളരുമായ പേരു നൽകി അനുഗ്രഹിച്ച മഹാത്മാഗാന്ധി ഒരു പുതുയുഗത്തിനു ജന്മം നൽകി. തൊഴിലാളികൾ ഒരു സംഘടിത ശക്തി ആയി മാറുന്നതിന് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി സാരമായ പങ്കു വഹിച്ചു. കടുത്ത കമ്മ്യൂണിസ്റ്റ് വിരോധികൾപോലും ഈ സത്യം തുറന്നു സമ്മതിക്കും.

നൂററാണ്ടുകൾ നീണ്ട മയക്കത്തിൽനിന്നും ഉണർന്നെണീൽക്കുന്നതിനും സംഘടിതശക്തി ആകുന്നതിനും മാർക്സിസ്റ്റ് ചിന്താഗതി തൊഴിലാളികളെ സഹായിച്ചുവെങ്കിലും അവകാശത്തോടൊപ്പം കടമ നിർവഹിക്കുന്ന കാര്യത്തിൽ അവർ പററെ പരാജയപ്പെട്ടു.

വയലേലകളിൽ കർഷകതൊഴിലാളികൾ പണിമുടക്കി. കാർഷികരംഗം സ്തംഭിച്ചു. ഫാക്ടറി തൊഴിലാളികളുടെ തത്വദീക്ഷയില്ലാത്ത പണിമുടക്കുമൂലം വ്യവസായശാലകൾ പൂട്ടപ്പെട്ടു. ഒരു കാലത്ത് ഐശ്വര്യത്തിലും സമൃദ്ധിയിലും കഴിഞ്ഞിരുന്ന ആലപ്പുഴ പോലുള്ള തുറമുഖ നഗരങ്ങൾ പട്ടിണിയുടെ പ്രിലാസരംഗങ്ങളായി മാറി.

നമ്മുടെ നാട്ടിലെ തൊഴിലാളികളുടെ തത്വദീക്ഷയില്ലാത്ത പണിമുടക്കിനെപ്പററി ചിന്തിച്ചപ്പോൾ ജപ്പാനിലെ ഒരു ചെരിപ്പു ഫാക്ടറിയിൽ നടന്നതായി കേട്ടിട്ടുള്ള ഒരു കഥ ഓർമ്മയിൽ വന്നു. പതിവുപോലെ ജോലിസമയത്ത് തൊഴിലാളികൾ ഫാക്ടറിയിൽ ഹാജരായി. ജോലിയിൽ ഒരു വീഴ്ചയും വരുത്തിയില്ല. പക്ഷെ ഇടതു കാലിനുള്ള ചെരിപ്പുകൾ മാത്രമാണ് അവർ ഉണ്ടാക്കിയത്. പ്രവൃത്തിസമയമോ മനുഷ്യശക്തിയോ നഷ്ടമാക്കാതെ അവർ മാനേജ്മെൻറിനോടുള്ള പ്രതിഷേധം പ്രകടിപ്പിച്ചു. സമരം ഒത്തുതീർപ്പിലായപ്പോൾ വലതുകാലിനുള്ള ചെരിപ്പുകൾ ഉണ്ടാക്കി. അങ്ങനെ ചെരിപ്പുകൾ കമ്പോളത്തിലിറക്കാൻ കഴിഞ്ഞു. ജപ്പാനീസ് തൊഴിലാളികൾ സമരം നടത്തുമ്പോൾ പോലും നശീകരണപ്രവണത കാട്ടുന്നില്ല. എന്നാൽ നമ്മുടെ നാട്ടിൽ തൊഴിലാളികൾ നടത്തുന്ന എല്ലാ സമരങ്ങളുടെ പിന്നിലും നശീകരണപ്രവണതയാണുള്ളത്.

രണ്ടാം ലോകമഹായുദ്ധം ഒരുപിടി ചാമ്പലാക്കി മാററിയ ജപ്പാൻ ഇന്നു ശാസ്ത്രീയ–സാങ്കേതിക–സാമ്പത്തിക രംഗങ്ങളിൽ വൻകിട രാഷ്ട്രങ്ങളെപ്പോലും പിന്നിലാക്കിയിരിക്കുന്നു. ജപ്പാൻകാരുടെ കഠിനാദ്ധ്വാനവും രാജ്യസ്നേഹവുമാണ് ഇതിനു കാരണം. ജപ്പാനീസ് ജനതയെപ്പോലെ രാജ്യസ്നേഹവും കഠിനാദ്ധ്വാനവും ഉള്ള ഒരു ജനതയായി നാം മാറണം.

നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു വിധിയേയുള്ളു, ക്രിസ്തീയ സ്നേഹത്തിൽ അടിത്തറ ഇട്ടതും ഗാന്ധിസത്തിൻെറയും മാർക്സിസത്തിൻെറയും ഉത്കൃഷ്ടാശയങ്ങൾ സമന്വയിപ്പിച്ചിട്ടുള്ളതുമായ ഒരു വീക്ഷണം തൊഴിലാളികൾക്കും മുതലാളികൾക്കും ഉണ്ടാകണം. അപ്പോൾ നമ്മുടെ നാടിൻെറ ഭാവി ശോഭനമായിത്തീരും.


—:—

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്





ഒരു വിശ്വാസി, കുവൈററ്.



ഒരു വിശ്വാസി, തിരുവല്ലാ.

രോഗശാന്തിക്ക് ഒരു വിശ്വാസി. പത്തനംതിട്ട.



# അഹത്തള്ളാ

## മലങ്കരസഭയുടെ പറങ്കി അടിമത്തമോചനത്തിൻെറ ബലിയാട്

### ഫാ. ബർണാഡിൻെറ സാക്ഷ്യം

''....തന്മൂലം മെത്രാശയന്മാരായ സുറിയാനിക്കാർ അവർക്കു ഒരു കൽദായ മെത്രാനെ അയച്ചുകൊടുക്കണമെന്ന് ബാബേൽ പാത്രിയർക്കീസിനോട് ഹർജികൾ മൂലം അപേക്ഷിച്ചു. അതനുസരിച്ച് അഹത്തല്ലാനാമാവായ ഒരു കൽദായ മെത്രാൻ അക്കാലത്ത് ഇന്ത്യയിലെ തുറമുഖപട്ടണമായിരുന്ന സൂറത്തിൽ സന്യാസവേഷധാരിയായി 1652–ൻെറ സമാരംഭത്തിൽ എത്തുകയും അവിടെയുണ്ടായിരുന്ന ഫ്രാൻസിസ്കൻ സഭക്കാരുടെ ഒരാശ്രമത്തിൽ അവരുടെ അതിഥിയായി ഏതാനും ദിവസങ്ങൾ പാർത്തശേഷം മൈലാപ്പൂരിൽ ചെന്ന് ഈശോസഭക്കാരുടെ ഭവനത്തിൽ താമസിക്കുകയും ചെയ്തു.'' മാർത്തോമ്മാ ക്രിസ്ത്യാനികൾ P. 67 ഫാ. ബർണാർട് ക. നി. മു. സ

ഈ ദേഹത്തെ വിവിധ ചരിത്രകാരന്മാർ അനവധി പേരുകൾ നല്കി ആദരിച്ചിട്ടുണ്ട്. തീയോദോർ അയിത്താലാഹാ, യാബ് ആലാഹാ, ഇസാലാഹാ, അയ്ത്തല്ലാ, അഹത്തള്ളാ, ഇഗ്നാത്തിയോസ് അഹത്തള്ളാ ഇങ്ങനെ പോകുന്നു ആ പേരുകൾ. വെറുതെയൊന്നുമല്ല ഈ പേരുകൾ നൽകിയിരിക്കുന്നത്. അതിനു വിവിധോദ്ദേശങ്ങൾ ഉണ്ട്. പറമ്പിൽ ചാണ്ടി മെത്രാൻെറ വാഴ്ചശേഷം ശക്തി പ്രാപിച്ച റോമാ വിഭാഗം നസ്രാണികൾക്കും അവർക്ക് ഉപദേശം നൽകി നയിച്ചിരുന്ന പാതിരിമാർക്കും ഈ ദേഹത്തെ റോമാ സഭാംഗമായ ഒരു സുറിയാനിക്കാരൻ മെത്രാനാക്കുന്നതിനുള്ള ഉദ്ദേശം ഉണ്ടായിരുന്നു എന്ന് തോന്നിപ്പോകുന്ന പ്രതിപാദനങ്ങൾ അവരുടെ ചരിത്രഗ്രന്ഥങ്ങളിൽ കാണാം. അദ്ദേഹം അലക്സന്ത്രിയ, അന്ത്യോക്യാ, കൽദായ ഈ ദേശങ്ങളിലെ റോമാ വിഭാഗമായിത്തീർന്നവരിൽ നിന്നുള്ള മെത്രാനാണെന്നു വരുത്തിക്കൂട്ടുന്ന പ്രതിപാദനങ്ങളാണവ.

ഇഗ്നാത്തിയോസ് പാത്രിയർക്കീസ് എന്ന് അദ്ദേഹം മലങ്കര അർക്കദിയാക്കോനയച്ച കത്തിൽ സ്വയം വിശേഷിപ്പിച്ചു - എന്ന പിൽക്കാല പ്രാബല്യം പ്രാപിച്ച വിവരണങ്ങളെ ആസ്പദമാക്കി നമ്മുടെ പുത്തൻകാവിൽ കബറടങ്ങിയ അഭിവന്ദ്യ 6–ാം മാർത്തോമ്മാ പിതാവ് എഴുതിച്ച നിരണം ഗ്രന്ഥവരിയിൽ ''75 വത്സരം പറങ്കിമര്യാദ നടന്നു വന്നതിൻെറ ശേഷം മ്ശിഹാകാലം 1653 ചെന്നകൊല്ലം 828–ൽ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് മലയാളത്തിൽ വരുവാനായിട്ട് മൈലാപ്പൂര് വന്നാറെ പിറംങ്കായെക്കാരുടെ ശക്തി കൊണ്ട് ....ഈ ദേഹത്തെ മലയാളത്തിനയച്ചാൻ'' എന്ന് ഈ ഭാഗം വിവരിച്ചിരിക്കുന്നു.

### ഇട്ടൂപ്പു റൈററരുടെ അന്ത്യോഖ്യാ ഭക്തി

6–ാം മാർത്തോമ്മാ പിതാവ് അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് എന്ന് പറഞ്ഞിട്ടേയില്ല. എന്നാൽ നിരണം ഗ്രന്ഥവരി ഉപയോഗപ്പെടുത്തി സഭാചരിത്രമെഴുതിയ പുകടിയിൽ ഇട്ടൂപ്പ റൈട്ടരുടെ കാലത്തെ അന്ത്യോക്യാ സിംഹാസന ഭക്തിയുടെ സാക്ഷ്യമാണ്. ''അനുസരിച്ചു നടന്നുവരുമ്പോൾ മ്ശിഹാകാലം 1653 കൊല്ലം 828–ൽ അന്തോക്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് മലയാളത്തിലുള്ള സുറിയാനിക്കാരുടെ....'' അതേ വാചകത്തിൽ അന്ത്യോക്യാ തിരുകി കയററിയിരിക്കുന്നത്. ഇട്ടൂപ്പിൻെറ സഭാചരിത്രം P. 114

### കുര്യൻ പാതിരി

ഇദ്ദേഹം പറയുന്നത് ''സുറിയാനിക്കാർ പറഞ്ഞു വരുന്നതും വിശ്വസിക്കുന്നതും ഇദ്ദേഹം ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ആയിരുന്നു എന്നാകുന്നു'' കുര്യൻ പാതിരിയുടെ സഭാചരിത്രപ്രബന്ധം പുറം 47. ഇദ്ദേഹവും ''അന്ത്യോക്യാ'' എന്ന് പറയുന്നില്ല.

### ഇ. എം. ഫിലിപ്പ്

അദ്ദേഹത്തെ അഹത്തള്ളാ എന്നാണ് സംബോധന ചെയ്യുന്നത്. എന്നാൽ അക്കാലത്തെ പറങ്കികൾ അദ്ദേഹത്തെ ഒരു യാക്കോബായ മെത്രാനായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും, അതു വെറും ഊഹത്താലല്ലെന്നും, മലങ്കര സഭ പറങ്കികൾക്കു മുമ്പ് അന്ത്യോക്യാ ബന്ധത്തിലായിരുന്നു എന്നും മററും ധ്വനിപ്പിക്കുന്ന പ്രതിപാദനമാണ് ശ്രീ. ഫീലിപ്പോസ്

തുടർന്നു നടത്തുന്നത് ''നെസ്തോറിയൻ പാത്രിയർക്കീസിന്റെ ഒരു പ്രതിനിധിക്കല്ലാതെ ലഭിക്കാൻ സാധ്യമല്ലെന്ന വിചാരിക്കത്തക്ക ഒരു സ്വീകരണമാണ് മലങ്കരസഭയിൽ നിന്ന് അഹത്തള്ളായ്ക്കുണ്ടായത്'' മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ P. 147

മലങ്കരയുടെ മണ്ണിൽ കാലുകുത്താൻ പറങ്കികൾ അവസരം കൊടുക്കാതെ വകവരുത്തിയ ആ ദേഹത്തിനു മലങ്കരമക്കൾ കൊടുക്കുവാനിരുന്ന സ്വീകരണമായിരിക്കാം ശ്രീ. പീലിപ്പോസ് രേഖപ്പെടുത്തിയിരിക്കുന്നത്.

## പാറേമ്മാക്കൽ തോമ്മാ കത്തനാർ

പഴയ കാലങ്ങളിൽ മാർ പ്രഞ്ചിസ്കോസഗർസ്യാ എന്ന കൊടുങ്ങല്ലൂർ മെത്രാപ്പോലീത്താ മലങ്കരെ വാഴുന്ന നാളുകളിൽ ഒരു സുറിയാനിക്കാരൻ മെത്രാനെ പൗലീസ്തക്കാരുടെ വിചാരത്താൽ പറങ്കിമാർ കടലിൽ കെട്ടിത്താഴ്ത്തി എന്നു കേൾക്കകൊണ്ടു മലങ്കരെയുള്ള നസ്രാണികൾ എല്ലാവരും മട്ടാഞ്ചേരിൽ കൂടി'' വർത്തമാനപ്പുസ്തകം ഒന്നാം ഭാഗം 1936 P. 48

---

## ജെയിക്കബ് തോമസ്, നടുവിലേക്കര

---

മാർ അഹിത്തല്ലാഹായുടെ വരവിനു (1653) ശേഷം 125-ാം വർഷത്തിൽ റോമ്മാ നസ്രാണി നേതാവായിരുന്ന വന്ദ്യ ഗോവർണ്ണദോരച്ചൻ ''ഒരു സുറിയാനിമെത്രാ''നെന്നാണ് അഹത്തള്ളായെ പരാമർശിക്കുന്നത്. എങ്ങുമെങ്ങും സ്പർശിക്കാത്തവിധം ''സുറിയാനിക്കാരൻ'' എന്ന സംജ്ഞ റോമാവിഭാഗത്തിനും, തോമ്മാ അർക്കദിയാക്കോന്റെ വിഭാഗത്തിനും അഭികാമ്യമായിരുന്നു. അന്ന് 6–ാം മർത്തോമ്മായെ വിധേയരോടുകൂടി റോമ്മായിലാക്കുവാൻ ശ്രമിച്ചിരുന്ന കാലമായിരുന്നു എന്നും ഓർക്കേണ്ടതുണ്ട്.

## ഐ. സി. ചാക്കോ

''ഇങ്ങനെയിരിക്കയിലാണ് അഹത്തള്ളാ എന്ന പേരായ ഒരു കൽദായ മെത്രാൻ മൈലാപ്പൂരിൽ എത്തിയത്'' മാർ ളൂയിസ് പഴേപറമ്പിൽ P 37

പണ്ഡിതവരേണ്യനായിരുന്ന പരേതനായ ശ്രീ. ഐ. സി. ചാക്കോയ്ക്കു് മാർ അഹത്തള്ളാ കൽദായ ദേശക്കാരനായിരുന്നു എന്നതിൽ യാതൊരു തർക്കവുമില്ല. എന്നാൽ മാർ പാപ്പായിൽ നിന്നും അധികാരപത്രമുള്ള മലങ്കരയുടെ പാത്രിയർക്കീസായിട്ടാണ് എത്തിയിരിക്കുന്നത് എന്ന് തന്റെ കത്തിൽ വ്യക്തമായിരുന്നതായി ശ്രീ. ഐ.സി. ചാക്കോ തുടർന്നു പറയുന്നുണ്ട്.

## ഫാ. ബർണാദ്

അദ്ദേഹമാകട്ടെ ''ഇൻഡ്യയുടെയും ചീനത്തിന്റെയും പാത്രിയർക്കീസായ ഇഗ്നാത്തിയോസ് എന്ന് സ്വയം നാമലേഖനം ചെയ്തിരിക്കുന്നു'' P 67 മാർത്തോമ്മാ ക്രിസ്ത്യാനികൾ Vol. 2

ഇന്ത്യയുടെയും ചീനത്തിന്റെ പാത്രിയർക്കീസ് എന്ന് ഭാരത സഭാമക്കൾ സമ്മതിച്ചിരുന്നത് ബാബിലോൺ കാതോലിക്കാ പാത്രിയർക്കീസിനെയാണ്. ''നെസ്തോറിയ'' എന്ന ഹാസ്യനാമത്തിൽ അന്യ സഭക്കാർ ഈ സ്ഥാനിയെയും അനുയായികളേയും വിശേഷിപ്പിച്ചിരുന്നു. അവർ സ്വയം ആ സംജ്ഞ ഉപയോഗിച്ചതായിട്ടറിവില്ല. അങ്ങിനെയെങ്കിൽ ഈ ദേഹം കൽദായക്കാരനാകുവാൻ സാദ്ധ്യതയ്ക്ക് ആക്കവും തൂക്കവും കൂടുന്നുണ്ട്. കൽദായ സഭാതലവൻ നസ്രാണിജാതിത്തലവന്റെ അഭ്യർത്ഥനയെ മാനിച്ച് ഇങ്ങോട്ടയച്ച ഒരു മെത്രാൻ സ്ഥാനി താൻ പാത്രിയർക്കീസാണെന്ന് ഇങ്ങോട്ടറിയിച്ചു എന്ന് പറയുന്ന രേഖ അഭിനവശാസ്ത്രജ്ഞാദിസ്ഥാനത്തിൽ പരിശോധിക്കേണ്ടതുണ്ട്. കൽദായ കാതോലിക്കാ പറങ്കികളുടെ ഉപദ്രവം ദശാബ്ദങ്ങളായി തന്റെ

രോഗശാന്തിക്ക്



പി. ചാക്കോയും കുടുംബവും, ജമുനാ Colliery.



മെത്രാന്മാർക്കും ജനങ്ങൾക്കും അനുഭവിക്കേണ്ടിവന്നത് മനസ്സിലാക്കി ഒരു താല്ക്കാലിക പാത്രിയർക്കീസ് സ്ഥാനം മാർ ഈഥാലാഹായ്ക്കു് നൽകിയിരുന്നില്ല. അങ്ങിനെ ഒരു സ്ഥാനവും ആത്മീയാധികാരവും അന്നത്തെ പരിതഃസ്ഥിതിയ്ക്കു് പരിഹാരം കാണുവാൻ അനിവാര്യമല്ലായിരുന്നു എന്നും ഭാരതസഭാജനകനായ മാർത്തോമ്മാ ശ്ലീഹായോടും തന്റെ വേലയാൽ ക്രിസ്തുവിൽ ഉത്ഭവിപ്പിച്ച പേർഷ്യാ, ഇന്ത്യ, ചൈന ഈ സഭകളുടെ ജന്മസിദ്ധ സ്വാതന്ത്ര്യത്തോടും ആചാരാനുഷ്ഠാനങ്ങളോടും കൂറും, ഭക്തിയും, അഭിമാനവും ചരിത്രജ്ഞാനത്തിലൂടെ ഉറപ്പിച്ച ഒരു പൗരസ്ത്യ മാർത്തോമ്മാ ക്രിസ്ത്യാനിക്ക് പറയുവാൻ സാദ്ധ്യമല്ല. അങ്ങിനെ പ്രത്യേകാധികാരങ്ങൾ മാർപ്പാപ്പാ അധികാരപത്രങ്ങൾ സഹിതം നൽകി മലങ്കര നസ്രാണികളെ റോമാസഭയിലേക്കു് ഏതു മാർഗ്ഗേണയും ചേർക്കുവാനും, വീണ്ടെടുക്കുവാനും ചിലരെ നിയോഗിക്കുകയുണ്ടായിട്ടുണ്ട് എന്നതു് ചരിത്രരേഖകളത്രേ.

## ഷെവലിയർ വി. സി. ജോർജ്

''മാർ അഹത്തള്ളാ ബാബേൽ പാത്രിയർക്കീസ് അയച്ച മേല്പട്ടക്കാരനായിരുന്നില്ലെന്നും അദ്ദേഹം നെസ്തോറിയൻ ഇടത്തൂട്ടുകാരനായിരുന്നുവെന്നും ചില ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ മാർ അഹത്തള്ളാ ഭാരത കൽദായ സഭമേൽ ഭരണാധികാരം ഉണ്ടായിരുന്ന ബാബേലിലെ മൂന്നാം ശിമയോൻ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട ഒരു കത്തോലിക്കാ മെത്രാനായിരുന്നു.'' കുറവിലങ്ങാട്ട് മർത്തമറിയം പള്ളിയും കേരള നസ്രാണികളും P. 256

''അഹത്തള്ളാ മെത്രാൻ ഇന്ത്യയിലുള്ള സുറിയാനിക്കാരുടെ പാത്രിയർക്കീസും പ്രീമാസും ആയിരുന്ന ബാബേൽ പാത്രിയർക്കീസിനോട് അപേക്ഷിച്ചിട്ട് അദ്ദേഹം അയച്ച മെത്രാനാണ്. ഇദ്ദേഹം അങ്കമാലി രൂപതയിലേക്കായി വന്നതാണ്. അങ്കമാലി രാജ്യം സ്വദേശീയരായ രാജാക്കന്മാരുടെ കീഴുള്ളതാണ്. ഇങ്ങനെ ഇരിക്കയിൽ അഹത്തള്ളാ മെത്രാനെ പിടിക്കാനോ, വിചാരണ കഴിപ്പാനോ, ശിക്ഷിപ്പാനോ ഗോവാ ഇൻക്വിസിഷൻ സംഘത്തിന് എന്തധികാരമാണുള്ളത്.'' Ibid P. 257 (ശ്രീ. പള്ളിവീട്ടിൽ കുര്യന്റെ തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം P. 127–ൽ നിന്നുള്ള ഉദ്ധരണി) കുറവിലങ്ങാട്ടുകാരായ രണ്ടു ഗ്രന്ഥകാരന്മാരും മാർ അഹത്തള്ളാ കൽദായക്കാരനായ മേല്പട്ടക്കാരനായിരുന്നു എന്നതിൽ യോജിക്കുന്നുണ്ട്. രണ്ടുപേരും റോമാസഭാംഗങ്ങളുമാണ്. കൽദായ റീത്തു് ബാബിലോൺ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട കൽദായ റീത്തു് കാരനായ കത്തോലിക്കനായിരുന്നു മാർ അഹത്തള്ളാ എന്നും രണ്ട് ആളും പറയുന്നുണ്ട്. എന്നാൽ 1552–ൽ യോഹന്നാൻ സുലാക്കാ റോമിൽ ചെന്ന് കൽദായ റീത്തു് കത്തോലിക്കാ ബാബേൽ പാത്രിയർക്കീസാകുന്നതിനു് മുമ്പ് കൽദായ നാട്ടിൽ റോമാ പാപ്പായുടെ കീഴിൽ ഒരു സഭയില്ലായിരുന്നു എന്ന വസ്തുതയെ നിഷേധിച്ചുകൊണ്ട് 1552–നു് ശതാബ്ദങ്ങൾ മുമ്പേ കൽദായ റീത്തു് കത്തോലിക്കാ വിഭാഗം ഉണ്ടായിരുന്നു എന്നവർ എടുത്തു പറയുന്നുമുണ്ട്.

എന്നാൽ തോമ്മാ അർക്കദിയാക്കോൻ മെത്രാന്മാരെ അയക്കുവാൻ പല പൗരസ്ത്യസഭകൾക്കും കത്തയച്ചപ്പോൾ ബാബിലോണിലെ യഥാർത്ഥ പാത്രിയർക്കീസായ (നെസ്തോറിയ) കാതോലിക്കോസ് പാത്രിയർക്കീസിനാണ് കത്തയച്ചതെന്ന് പല റോമാ സഭാചരിത്രകാരന്മാരും പറയുന്നുണ്ട്. മുൻഗാമി അർക്കദിയാക്കോൻ ഗീവർഗീസ് ജാതിത്തലവനും നെസ്തോറിയ കാതോലിക്കായുമായി കത്തിടപാടുകൾ രഹസ്യമായി നടത്തുന്നു എന്നാരോപിച്ച് അദ്ദേഹത്തിന്റെ പേരിൽ ശിക്ഷണ നടപടികൾ വരെ ഉണ്ടായതായും രേഖകളുണ്ട്.

**അടുത്തലക്കം: ചരിത്രകാരന്മാരുടെ സാക്ഷ്യങ്ങൾ തുടർച്ച.**

---

MAR BASELIOS
CHILDREN'S HOME
Mannapra (P. O.)
Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവറുഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959–ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾ മൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.

# ഭിലായ് മിഷൻ

## സഭാസേവനത്തിനും മിഷൻ പ്രവർത്തനത്തിനും വിശാലവേദികൾ

വികസന പ്രവർത്തനങ്ങളിൽ അനുദിനം വളരുന്ന സഭയിൽ ആനുപാതികമായ വളർച്ച മിഷൻ പ്രവർത്തനരംഗത്ത് ഇനിയും സാധിച്ചുകഴിഞ്ഞിട്ടില്ലെന്നുള്ള യാഥാർത്ഥ്യം സഭാംഗങ്ങളുടെ ചിന്തക്ക് വിഷയീഭവിക്കേണ്ട കാര്യമാണ്. മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതൽ ബ്രിട്ടീഷ്ഭരണം ഇന്ത്യയിലവസാനിച്ചതുവരെ മലങ്കരസഭ മലയാളക്കരയിലൊതുങ്ങി നിന്നു. ഭാരതസ്വാതന്ത്ര്യലബ്ധിക്കുശേഷം വേലതേടി വെളിയിലേക്ക് ഒഴുകിയ മലയാളി യുവാക്കളിൽ നല്ലൊരു ഭാഗം സുറിയാനിക്കാരായിരുന്നു. അവർ ചെന്നു ചേർന്നിടത്തൊക്കെ പള്ളികളും ഇടവകകളും ഉണ്ടാക്കി. അഞ്ചു ഭദ്രാസനങ്ങളിലായി ബാഹ്യകേരള ഇടവകകൾ ഇന്നും വളർന്നുകൊണ്ടിരിക്കുന്നു. സ്വന്തം ഉപയോഗത്തിനായി പള്ളികളും ചുരുക്കം സ്ഥലങ്ങളിൽ വിദ്യാലയങ്ങളും ഉണ്ടാക്കുവാനേ ഇതുവരെയായി ബാഹ്യകേരള ഇടവകകൾക്കു കഴിഞ്ഞിട്ടുള്ളു. തദ്ദേശീയരെ ഉൾക്കൊള്ളാനും അവരിൽ അവശരും ആലംബഹീനരുമായവരുടെ ഉന്നമനത്തിനു ഉതകുന്ന പ്രവർത്തനങ്ങൾ വ്യാപകമാക്കാനും നമുക്കു കഴിയുന്നില്ല. പ്രവർത്തകരുടെ കുറവും ഫണ്ടിന്റെ അപര്യാപ്തതയുമാണ് ഇതിനുള്ള കാരണം. സമർപ്പണബുദ്ധിയോടെ നിസ്വാർത്ഥസേവനത്തിനു ഇറങ്ങിത്തിരിക്കാൻ സഭയിൽ വേണ്ടത്ര ആളുണ്ടാകുന്നില്ലെന്നുള്ളതു സഭയുടെ മിഷൻ പ്രവർത്തനങ്ങളെ മന്ദീഭവിപ്പിക്കുന്നു. വിദേശ സഹായ സൗകര്യങ്ങൾ ഇല്ലാത്ത നമുക്കു പ്രവർത്തനങ്ങൾക്കാവശ്യമായ പണത്തിൽ കുറെയൊക്കെ സ്വയപ്രയത്നത്താൽ ഉണ്ടാക്കാൻ കഴിയേണ്ടതാണ്. പ. പൗലോസപ്പോസ്തോലൻ സ്വന്തം കൈകൊണ്ടു വേലചെയ്തു ഉപജീവനമാർഗ്ഗമുണ്ടാക്കി കർതൃവേല ചെയ്തിരുന്നതു നമുക്കു ഇന്നു അനുകരിക്കാവുന്ന കാര്യമാണ്.

ഭിലായ് മിഷൻ ഈ മാർഗ്ഗം ഫലപ്രദമായി വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 35 ഏക്കറുള്ള മിഷൻ പ്രധാനം ആണ്ടടക്കം കൃഷിചെയ്യുവാൻ തക്കവിധം സജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്. കാലിവളർത്തലും കോഴിവളർത്തലും അതിനോടനുബന്ധിച്ചു നടത്തുവാനും സൗകര്യങ്ങളുണ്ട്. ഇക്കാര്യങ്ങളിൽ പരിചയ സമ്പന്നരായവരുടെ സേവനം മിഷൻ ആഗ്രഹിക്കുന്നു. വേലചെയ്തുണ്ടാക്കുന്ന ആദായവും ജനങ്ങൾ നല്കുന്ന സംഭാവനയും ഉപയോഗിച്ചു അവികസിതഗ്രാമങ്ങളിലെ സാധുജനങ്ങളുടെ ഉദ്ധാരണത്തിനു ഉപയുക്തമായ സേവന പരിപാടികൾ നടപ്പിലാക്കുവാനുള്ള പരിശ്രമമാണ് ഇപ്പോൾ മിഷൻ ചെയ്തുകൊണ്ടിരിക്കുന്നത്. ഈററാഴ്സിക്കടുത്തുള്ള മക്കോഡിയാഗ്രാമ മിഷൻ അത്തരമൊരു കാൽവയ്പാണ്. അഞ്ചര ഏക്കറുള്ള മിഷൻ കോമ്പൗണ്ട് കൃഷിക്കു സജ്ജമാക്കിക്കൊണ്ടിരിക്കുന്നു. ഡിസ്പെൻസറി, അഭയഭവൻ, ബാലവാടി തുടങ്ങിയ പ്രവർത്തനങ്ങൾ അവിടെ ആരംഭിക്കുവാൻ, ശ്രമിക്കുന്നു. യാത്ര സൗകര്യങ്ങൾ കുറഞ്ഞ ഗ്രാമങ്ങളിലെ പ്രവർത്തനത്തിനായി ബാങ്കിൽ നിന്നും ലോൺ എടുത്തു ഒരു ജീപ്പു വാങ്ങിച്ചു. ആ

### സ്തേഫാനോസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ

കടം വീട്ടുവാൻ ഉദാരമതികളായ വിശ്വാസികൾ സഹായിക്കുമെന്നാശിക്കുന്നു. ഉത്തരഭാരതത്തിലെ നിരവധി നിരവധി അവികസിത ഗ്രാമങ്ങളുടെ ഉന്നമനത്തിനു മലങ്കര സഭ അതിന്റെ പങ്കുവഹിച്ചേമതിയാകൂ. അത്തരം മിഷൻ പ്രവർത്തനം ഒരു ദേശീയസഭയ്ക്കു അനിവാര്യമാണ്. മക്കോഡിയാ മിഷന്റെ വിജയം ഇതരഗ്രാമ മിഷനുകൾ ആരംഭിക്കുവാൻ പ്രചോദനം തരുമെന്നുള്ളതിനാൽ സഭാംഗങ്ങളുടെ നിർലോഭമായ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയാണ്. കൂടുതൽ പ്രവർത്തകർ ഉണ്ടാകണം. ഫണ്ടുണ്ടാകണം. സഭയിലെ വൈദികർക്കും ആത്മീയ സംഘടനാ പ്രവർത്തകർക്കും ഇക്കാര്യത്തിൽ ഞങ്ങളെ സഹായിപ്പാൻ സാധിക്കും. സേവന സന്നദ്ധരായ പ്രവർത്തകരെ കണ്ടുപിടിച്ചു തരികയും എല്ലാ ഇടവകകളിലും ഉത്തരഭാരത മിഷൻ വേണ്ടി നാമമാത്രമായെങ്കിലും ഒരു തുക ബഡ്ജററിൽ കൊള്ളിക്കുകയും ചെയ്യാവുന്നതാണ്. ജനങ്ങളുടെ ചിന്തയിലും ശ്രദ്ധയിലും മിഷനെപ്പററി നേരിയ തോതിലെങ്കിലും ബോധവൽക്കരണം



# നിലയ്ക്കൽ സെ. തോമസ് എക്യൂമിനിക്കൽ ദേവാലയം

## സഭകളുടെ ഐക്യത്തിന്റെ സന്ദേശം ലോകമെങ്ങും പരത്തട്ടെ

### പ. കാതോലിക്കാബാവാ

31–1–1988–ൽ നിലയ്ക്കൽ സഭൈക്യവാര സമാപനസമ്മേളനം ഉത്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു പ. ബാവാ തിരുമേനി. പ്രസംഗത്തിന്റെ പൂർണ്ണ രൂപം താഴെ ചേർക്കുന്നു.

''പിതാവേ നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിത്തീരണമെ''

(വി. യോഹ. 17:11)

നമ്മുടെ കർത്താവായ യേശുമശിഹാ പിതാവാം ദൈവത്തിന്റെ മുമ്പാകെ സമർപ്പിച്ച ഈ അപേക്ഷ ഈ സ്ഥലത്ത് ഫലവത്തായിത്തീർന്നിരിക്കുകയാണ്. മലങ്കരയിൽ രക്ഷാകര സുവിശേഷം അറിയിച്ചു രക്തസാക്ഷി മരണം സ്വീകരിച്ച പ. മാർത്തോമ്മാ ശ്ലീഹാതന്നെ വീണ്ടും നമ്മെ ഒന്നിപ്പിച്ചിരിക്കുന്നു. ആദിമ നൂററാണ്ടിലുണ്ടായിരുന്ന മലങ്കര നസ്രാണി സഭ ഇന്നു ഇവിടെ സമ്മേളിച്ചിരിക്കയാണ്. മലങ്കരയിലുള്ള എല്ലാ ക്രൈസ്തവരും ഉൾക്കൊള്ളുന്നതാണ് മലങ്കര നസ്രാണി സഭ എന്നു ഞാൻ പറഞ്ഞതു്. 16–ാം നൂററാണ്ടുവരെ മലങ്കരയിൽ നിലനിന്നിട്ടുള്ളതു ആ സഭയാണ്.

നിലയ്ക്കൽ എക്യൂമെനിക്കൽ ദേവാലയ പ്രതിഷ്ഠയുടെ വാർഷികവും സഭാ ഐക്യവാര പ്രാർത്ഥനയും നടക്കുന്ന ഈ സന്ദർഭത്തിൽ ഹൃദയം നിറഞ്ഞ സന്തോഷത്തോടും കൃതജ്ഞതയോടും അഭിമാനത്തോടും കൂടിയാണ് ഞാൻ ഇതിൽ സംബന്ധിക്കുന്നതു്. മാർത്തോമ്മാ ശ്ലീഹായുടെ പൈതൃകത്തിൽ വിശ്വസിക്കുന്ന എല്ലാവരെയും ഒന്നിച്ചു ഒരു വേദിയിൽ കാണുക, ഹൃദയം നിറഞ്ഞ ആനന്ദമാണ് നൽകുന്നത്. അതുകൊണ്ടുതന്നെയാണ് വാർദ്ധക്യ സഹജമായ ക്ലേശങ്ങൾ വകവയ്ക്കാതെ ഇത്രയും ദൂരം യാത്രചെയ്തു ഇവിടെ വരുവാൻ ഞാൻ തീരുമാനിച്ചത്. നമ്മുടെ കൂറിലോസ് മെത്രാച്ചനും ആൻറണി നിരപ്പേലച്ചനും, പടിഞ്ഞാറേക്കര പി. സി. ഏബ്രഹാമും മററും വന്നു നിലയ്ക്കൽ എക്യുമെനിക്കൽ സെൻററിന്റെ പ്രവർത്തനങ്ങൾ യഥാസമയം എന്നെ അറിയിക്കാറുണ്ട് ഇവിടത്തെ കാര്യങ്ങൾ കേൾക്കുന്നതും ഇവിടെ വരുന്നതും എനിക്കു അതിയായ സന്തോഷമാണ്.

1957 ഫെബ്രുവരി മാസത്തിലാണ് ഞാൻ ആദ്യമായി നിലയ്ക്കൽ പ്രദേശം സന്ദർശിച്ചത്. അന്നു രണ്ടു ദിവസം വനത്തിനുള്ളിൽ താമസിക്കുകയും ആരാധന നടത്തുകയും ചെയ്തത് ഇത്തരുണത്തിൽ ഞാൻ ഓർക്കുന്നു. പിന്നീടു ഈ ദേവാലയം പ്രതിഷ്ഠിക്കപ്പെട്ട ശേഷവും ഒരു പ്രാവശ്യം ഇവിടെ വന്നിട്ടുണ്ട്. ഈ സ്ഥലം ലോകപ്രശസ്തി ആർജ്ജിച്ചു ഒന്നായിട്ടുണ്ടു സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള ആഹ്വാനം എവിടെയും ഉയർന്നുകേൾക്കുന്ന ഒരു സമയമാണിത്. ലോകമെമ്പാടും വിവിധ ഐക്യ സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നിലയ്ക്കൽ സെ. തോമസ് ദേവാലയത്തെ സംബന്ധിച്ചു അതിലൊക്കെയും ഉപരി ആയ പ്രാധാന്യമുണ്ട്. കേരള ക്രൈസ്തവരുടെ ഒരു പൊതു ആരാധനാ സ്ഥലമാണ് ഇത്. ലോകത്തിൽ മററൊരിടത്തും ഇത്തരത്തിൽ ഒരു സ്ഥാപനം ഉണ്ടോ എന്നറിവില്ല. ലോകക്രൈസ്തവർക്കു ഇത് ഒരു മാതൃകാ സ്ഥാപനമാണ്. ഇവിടെ സന്നിഹിതരാകുന്ന ഏവർക്കും സ്മരിക്കുവാൻ കഴിയുന്നതു ക്രിസ്തുശിഷ്യനായ പ. മാർത്തോമ്മാ ശ്ലീഹായെയാണ്.

ഈ സ്ഥലത്തെ സംബന്ധിച്ചു അതിലും ഉപരിയായ ഒരു പ്രാധാന്യം കൂടി ഞാൻ കാണുന്നുണ്ട്.

തൻമൂലം ഉണ്ടാകുവാനിടയാകും. ഇപ്പോൾ നിലവിലുള്ള പ്രവർത്തനങ്ങൾക്കായി ഏതാനും പ്രവർത്തകരെ ഉടനടി ആവശ്യമുണ്ട്. ഭിലായ് മിഷനിൽ ചേർന്നു പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർ–
Director, St. Thomas Ashram, P. O. BOX 24 Bhilai, Durg Dst: M. P. 490001 എന്ന വിലാസത്തിൽ എഴുതുക.

ക്രൈസ്തവ സഭകളുടെ ഐക്യത്തേക്കാളുപരി മതസൗഹാർദ്ദം ഉയർത്തിക്കാട്ടിയ ഒരു സ്ഥലം കൂടിയാണ് നിലയ്ക്കൽ. ഹൈന്ദവ സഹോദരങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ഏററവും പ്രധാന തീർത്ഥാടനകേന്ദ്രമായ ശബരിമല ഇവിടെ അടുത്താണ്. അതുമൂലം ഈ സ്ഥാപനത്തിന്റെ പുന:പ്രതിഷ്ഠാവേളയിൽ അല്പം ആശങ്കയൊക്കെയും ഉണ്ടായി. എങ്കിലും മതസൗഹാർദ്ദത്തിന് പ്രശസ്തിയാർജ്ജിച്ച കേരളത്തിൽ അതൊക്കെയും സമാധാനപരമായി അവസാനിച്ചു.

മാർത്തോമ്മാശ്ലീഹായുടെ ആഗമനത്തെയും പ്രവർത്തനങ്ങളെയും ഹൈന്ദവർ ഒരുനാളും എതിർത്തിട്ടില്ല. കഴിവുള്ള സഹായങ്ങളും ഇവിടെയുള്ള ക്രൈസ്തവർക്ക് കാലാകാലങ്ങളിൽ ഹൈന്ദവർ ചെയ്തുകൊടുത്തിട്ടുള്ള ചരിത്രമാണ് നമുക്കുള്ളത്. നമ്മുടെ പുരാതന ദേവാലയങ്ങളൊക്കെയും സ്ഥാപിച്ചിട്ടുള്ളത് ഈ നാട്ടിലുണ്ടായിരുന്ന ഹൈന്ദവ രാജാക്കന്മാർ കരമൊഴിവായി നല്കിയിട്ടുള്ള സ്ഥലങ്ങളിലാണ്. ദേവാലയ സ്ഥാപനത്തിലും അവർ ക്രൈസ്തവരെ സഹായിച്ചിരുന്നു. പുരാതന ക്രൈസ്തവ ദേവാലയങ്ങളും ഹൈന്ദവ ക്ഷേത്രങ്ങളും തൊട്ടുരുമ്മി നില്ക്കുന്ന കാഴ്ച കേരളത്തിൽ പലയിടത്തും ഇന്നും കാണാവുന്നതാണ്. ഇവിടെയുള്ള ക്രൈസ്തവർ ഇന്നും വിദേശികളല്ല. ഈ നാട്ടിൽ ജനിച്ചു വളർന്നവരാണ്. ഹൈന്ദവരും, ക്രൈസ്തവരും സഹോദരങ്ങളായിത്തന്നെ വർത്തിക്കേണ്ടവരാണ്.

ഭാരതത്തിലെ ക്രൈസ്തവർക്ക് നിലയ്ക്കൽ പള്ളി മുഖാന്തിരം ലഭിച്ച ഐക്യത്തിന്റെയും സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും, സഹകരണത്തിന്റെയും ഈ വലിയ ദൈവീക ദർശനം ഈ സ്ഥലത്തുമാത്രം ഒതുങ്ങി നില്ക്കരുത് എന്ന് എനിക്ക് അതിയായ ആഗ്രഹമുണ്ട്. ഭാരത ക്രൈസ്തവർ ഏതാനും നൂററാണ്ടുകളായി വിഭിന്ന സഭകളായി പ്രവർത്തിച്ചുവരികയാണ്. നാം ഒന്നായിത്തീരേണ്ടവരാണ്. കർത്താവിന്റെ വലിയ മനുഷ്യസ്നേഹം മററുള്ളവർക്ക് പകർന്നു കൊടുക്കേണ്ടവരാണ്. ഇന്ന് ഈ മേല്പട്ടക്കാരെയും, വൈദികരേയും, ജനങ്ങളെയും എല്ലാം കണ്ട് സ്വൽപ്പം സന്തോഷിക്കുന്നുണ്ട്. തീർച്ചയായും ഇത് ദൈവത്തിന്റെ ആലയമാണ്. ഇത് ബഥേലാണ്, ദൈവത്തിന്റെ സാന്നിദ്ധ്യം ഇവിടെയുണ്ട് നിശ്ചയം, യാക്കോബിനെപ്പോലെ നമുക്കും ഉറച്ചു വിശ്വസിക്കാം.

ഈ സ്ഥാപനം ഇവിടെ ഉയന്നു പ്രകാശിക്കട്ടെ. സഭകളുടെ ഐക്യത്തിന്റെ സന്ദേശം ലോകമെമ്പാടും പരക്കട്ടെ. ഭാരത ക്രൈസ്തവർ, മലങ്കര നസ്രാണികൾ, ഒരു പിതാവിന്റെ മക്കൾ ഒന്നിച്ച് ഒന്നായി വളരട്ടെ, പ്രവർത്തിക്കട്ടെ. നാമെല്ലാവരും തീഷ്ണതയോടുകൂടി അതിനായി പ്രാർത്ഥിക്കണം. ദൈവത്തിന്റെ അളവററ സ്നേഹം നമ്മെ അതിന് പ്രാപ്തരാക്കട്ടെ. വയോധികനായ എനിക്ക് ഇപ്രകാരം ഒരിക്കൽ കൂടി നിങ്ങളേവരോടുമൊപ്പം സമയം ചെലവിടുവാനും ദൈവത്തെ മഹത്വപ്പെടുത്തുവാനും ഇടയായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ത്രീയേക ദൈവത്തിന്റെ തിരുനാമത്തിൽ ഈ സമ്മേളനം ഔപചാരികമായി ഞാൻ ഉദ്ഘാടനം ചെയ്തുകൊള്ളുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും, അനുഗ്രഹങ്ങളും നാമെല്ലാവരോടും കൂടി എന്നാളും ഉണ്ടായിരിക്കട്ടെ. പ. മാർത്തോമ്മാശ്ലീഹായുടെ മദ്ധ്യസ്ഥത നമുക്കു കോട്ടയായിരിക്കട്ടെ.

—0—

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



അവറച്ചേനും കുഞ്ഞുമോളും.



നിർമ്മല ചെറിയാൻ. രോഗശാന്തിക്ക് തോമസ് പടിക്കത്തറ. ഏലിസബേത്ത് സഖറിയാ. മറിയാമ്മ.



പഴയ താളുകൾ:

# ഇണ്ട്റിയപ്പവും കലത്തപ്പവും

ആയിരത്തി ഒരുന്നൂറെറാൻപതു മകരം 23-നു-യിലെ മലയാള മനോരമമിൽ ശ്രീ അയിരൂർ എം. സി, അബ്രഹാം എഴുതിയ ഒരു ലേഖനത്തിന്റെ തലക്കെട്ടാണ് മേൽക്കാണുന്നത്. പ്രസ്തുത ലേഖനം താഴെ ഉദ്ധരിക്കുന്നു:—

''കഴിഞ്ഞ ശനിയാഴ്ചത്തെ മനോരമയിൽ മി. ററി. കെ. ജോസഫ്, ബി. ഏ. എൽ. ററി. ഇണ്ട്റിയപ്പത്തെ സംബന്ധിച്ചുള്ള ഒരു വിവരണം എഴുതിയിരിരുന്നതു് *എനിക്കു വായിക്കുന്നതിനു ഇടയായി ഈ അപ്പത്തേപ്പററി എനിക്കുള്ള അറിവു കൂടി ഒന്നു പ്രസ്താവിച്ചുകൊള്ളട്ടെ.

വടക്കൻ തിരുവിതാകൂറിൽ മൂവാററുപുഴ, കുന്നത്തുനാട് മുതലായ താലൂക്കുകളിൽ പെട്ട സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ ഇണ്ട്റിയപ്പം പുഴുങ്ങുന്ന പതിവ് ഇപ്പോഴും ഉള്ളതാണ്. അൻപതു നോമ്പിന്റെ പകുതി നോമ്പിലും, നാൽപ്പതാം വെള്ളിയാഴ്ചയും ആ രീതിയിലുള്ള അപ്പവും, നാൽപ്പതാം വെള്ളിയാഴ്ചയുടെ പിറേറദിവസം ശനിയാഴ്ച കൊഴുക്കട്ട പലഹാരവും ഉണ്ടാക്കുക സാധാരണയാണ്. ഈ ശനിയാഴ്ചയ്ക്കു് ''കൊഴുക്കട്ടശനിയാഴ്ച'' എന്നു പേർ പറയുകയും പതിവാണ്. പെസഹാപെരുനാളിന് ആറു ദിവസം മുമ്പു യേശു ബഥാന്യായിൽ ലാസറിന്റെ വീട്ടിൽ എത്തുകയും, അവിടെ വച്ചു തൈലാഭിഷേകവും, വിരുന്നും നടക്കുകയും ചെയ്തതിന്റെ ഓമ്മയായിട്ടാണ് കൊഴുക്കട്ട പുഴുങ്ങുന്നതെന്നു പലരും പറഞ്ഞു കേട്ടിട്ടുണ്ട്. ഞാൻ ആ ദിവസങ്ങളിൽ ഈ പലഹാരം തിന്നിട്ടുമുണ്ട്.

ഇണ്ട്റിയപ്പം എന്നു പറയുന്നതു് അൻപതു നോമ്പിലെ കഷ്ടാനുഭവ ആഴ്ചവട്ടത്തിൽ പെസഹാദിവസമായ വ്യാഴാഴ്ച വൈകിട്ടാണു പുഴുങ്ങുക പതിവുള്ളതു്. നമ്മുടെ പ്രദേശങ്ങളിൽ വട്ടയപ്പം ഉണ്ടാക്കുന്നതിൽ നിന്നു ശർക്കരയും കള്ളും വിട്ടുകളക എന്നല്ലാതെ വിശേഷാൽ (ഉഴുന്നൊഴികെ) ഒന്നും തന്നെ ഇണ്ട്റിയപ്പത്തിനില്ല. പുളിരസം (കള്ള്) ഈ അപ്പത്തിനു ചേർക്കാതിരിക്കുന്നതു് യഹൂദന്മാർ പെസഹാദിവസം പുളിപ്പില്ലായ്മ ആചരിക്കണം എന്നുള്ള പ്രമാണത്തെ അടിസ്ഥാനപ്പെടുത്തിയാണെന്നു തോന്നുന്നു. വ്യാഴാഴ്ച വൈകിട്ടു സന്ധ്യനമസ്കാരം കഴിഞ്ഞശേഷം കുടുംബത്തലവന്റെ അടുക്കൽ അതിൽ ഒരപ്പം കൊണ്ടുവന്നുവയ്ക്കുകയും, അദ്ദേഹം അതിൽ പന്ത്രണ്ടോ പതിമൂന്നോ വരയിട്ടു ഖണ്ഡങ്ങളാക്കി കുരിശടയാളവും വരച്ചു ഭാഗിച്ചുകൊടുക്കുകയും ചെയ്യുന്നു (പന്ത്രണ്ടോ പതിമ്മൂന്നോ എന്നു നിശ്ചയമില്ല) ഏതാനും വർഷങ്ങൾക്കു മുൻപു പെരുമ്പാവൂർ വച്ച് ഒരു സ്നേഹിതൻ എന്നെയും കൂടെയുള്ളവരെയും ഇതിൽ സംബന്ധിക്കുന്നതിനു ക്ഷണിച്ചിരുന്നു. അപ്പം കണ്ടിച്ചശേഷം കുടുംബനായകൻ ഓരോരുത്തർക്കും കൊടുക്കുമ്പോൾ കുടുംബാംഗങ്ങൾ രണ്ടു കൈയ്യും നീട്ടി ആദരവോടുകൂടി വാങ്ങിക്കയും തിന്നുകയും ചെയ്യുന്നു. ആ കൂട്ടത്തിൽ എനിക്കും കൂട്ടുസ്നേഹിതർക്കും ഓഹരി തരികയും ഞങ്ങളും ആ രാത്രി ഇണ്ട്റിയപ്പത്തിൽ നിന്നു തിന്നുകയും ചെയ്തു. വാഴ്ത്തിയ അപ്പവും ഭാഗിച്ചു

*ഈ കത്തും 1109 മകരം 25-ാം തീയതി ശ്രീ. എം. ഓ. തോമസ് എഴുതിയ നിരൂപണവും അടുത്തലക്കം മാസികയിൽ.

# ? സംശയങ്ങൾ ചോദിക്കുക

## ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ

1. മാമോദീസായ്ക്കും രോഗികളുടെ തൈലാഭിഷേകത്തിനും ഉപയോഗിക്കുന്ന സൈത്ത് ഒന്നുതന്നെയോ? ശ്രീ. തോമസ് ജി. മൈലം.

സാധാരണ ഒന്നു തന്നെ ഉപയോഗിക്കുമെങ്കിലും കന്തീലായുടെ ശുശ്രൂഷയ്ക്കു ഉപയോഗിച്ച സൈത്ത് രോഗികളുടെ തൈലാഭിഷേകത്തിനായി പ്രത്യേകം എടുത്തു സൂക്ഷിക്കുന്നതു നന്നായിരിക്കും.

2. മററു സഭാംഗങ്ങൾ നമ്മുടെ സഭയിൽ ചേരുമ്പോൾ മാമോദീസാ മുക്കണമോ? (DO)

പട്ടത്വമില്ലാത്ത പെന്തെക്കോസ്ത് മുതലായ സഭകളിൽ നിന്നുള്ളവർ ചേർന്നാൽ മാമോദീസാ മുക്കി എടുക്കണം. മാർത്തോമാ, സി. എസ്. ഐ സഭാംഗങ്ങളെ വി. മൂറോൻ പൂശിയാൽ മതി, റോമാ സഭാംഗങ്ങളാണെങ്കിൽ, സത്യവിശ്വാസം ഏററുപറയിപ്പിച്ചു കുമ്പസാരിപ്പിച്ചു വി. കുർബ്ബാന നല്കി ചേർക്കാം. കൽദായ സഭാംഗങ്ങളെയും അതു പോലെ തന്നെ.

3. മാതാവു നമ്മുടെ സഭാംഗവും പിതാവ് അക്രൈസ്തവനുമാണെങ്കിൽ കുട്ടിയെ മാമോദീസാ മുക്കാമോ? (Do)

പിതാവിനെ മാമോദീസാ മുക്കി സഭയിൽ ചേർത്ത് വിവാഹം നടത്തി രണ്ടുപേരെയും പ്രായശ്ചിത്തം നല്കി സഭയിൽ ചേർക്കാതെ കുട്ടിയെ മാമോദീസാ മുക്കി അവരെ ഏല്പിക്കാൻ സാദ്ധ്യമല്ല. എന്നാൽ കുട്ടിയെ നമ്മുടെ കുടുംബത്തിൽ ചുമതലയായി വളർത്തുമെങ്കിൽ മാമോദീസാ മുക്കി അവരെ ഏല്പിക്കാം.

4. തിരുമേനിമാരുടെ ചിത്രങ്ങൾ പള്ളിയിൽ വച്ചു ധൂപം വയ്ക്കാമോ? (Do)

പരിശുദ്ധന്മാരുടെ ചിത്രം മാത്രമെ പള്ളിയിൽ വച്ചു ധൂപം വയ്ക്കാവൂ.

5. പള്ളി ശുശ്രൂഷക്കാരൻ ധൂപമേൻ വായിച്ച ശേഷം കൈ കഴുകുന്നതെന്തിന്? (Do)

പട്ടക്കാരുക്കു ശുദ്ധീകരണം ആവശ്യമായിരിക്കുന്നതു പോലെ ശുശ്രൂഷക്കാരനും ആവശ്യമാണ്. എല്ലാ കഴുകലുകളും ശരീരാത്മദേഹികളുടെ ശുദ്ധീകരണത്തോടു പ്രവർത്തിക്കണം എന്നതിൻെറ സൂചനയാണ് അത്.

6. യാമ പ്രാർത്ഥനകളുടെ ഇടയ്ക്കു ഈരണ്ടു കൗമാ വേണമോ? (Do)

ഓരോ യാമത്തിലും പ്രത്യേകം പ്രാർത്ഥിച്ചുകൊണ്ടിരുന്ന കാലത്ത് ആരംഭത്തിലും അവസാനത്തിലും ഉണ്ടായിരുന്ന കൗമാകൾ ഒരുമിച്ചായപ്പോഴും, തുടർന്നതാണ് ഈ രണ്ടു കൗമാ. പല യാമപ്രാർത്ഥനകൾ ഒന്നിച്ചു നടത്തുമ്പോൾ ഓരോ കൗമാ ചൊല്ലിയാൽ മതി.

7. WCC യുടെ Faith and order commission BEM (Baptism Eucharist Ministry) തീരുമാനം എന്താണ്?

ഡേവിഡ് ദാനിയേൽ ന്യൂഡൽഹി

ഇതിനുത്തരം ഒന്നോ രണ്ടോ വാചകത്തിൽ പറയുക പ്രയാസമാണ്.

1982 ജനുവരിയിൽ Lima-യിൽ വച്ചു നടന്ന പ്രസ്തുത സമ്മേളന തീരുമാനത്തിൽ നമ്മുടെ സഭയിൽപെട്ട ഡോക്ടർ വി. സി. ശമുവേലച്ചനും ഈ ലേഖകനും അംഗങ്ങളായി സംബന്ധിച്ചിരുന്നു. സുപ്രധാനമായ പ്രസ്തുത ഡോക്യുമെൻറു മുഴുവനും ഒററ പുസ്തകമായി അച്ചടിച്ചതു 5 രൂപാ വിലയ്ക്കു കോട്ടയം സോഫിയാ സെൻററിൽനിന്നും വാങ്ങി വിശദമായി മനസ്സിലാക്കാവുന്നതാണ്.

8. കന്തിരിക്കം ഇടുന്നതു കോർ എപ്പിസ്കോപ്പായാണെങ്കിൽ ''കോറെപ്പിസ്കോപ്പായുടെ കൈകളാൽ'' എന്നു ചൊല്ലണമോ?

പി. സി. തോമസ് വെമ്പാല.

അങ്ങനെ വി. കുർബ്ബാനക്രമത്തിൻെറ അടിക്കുറിപ്പ് foot-note കൊടുത്തിട്ടില്ല. അതിനാൽ 'ഈ പട്ടക്കാരൻെറ കൈകളാൽ' എന്നുമാത്രം ചൊല്ലിയാൽ മതി.

9. നമ്മുടെ സെമിനാരിയിൽ പഠിപ്പിക്കുന്നവർ പ്രൊട്ടസ്റ്റൻറ്, കത്തോലിക്കാ സെമിനാരികളിൽ നിന്നു ഡോക്ടറേററ് എടുത്തവരായാൽ ഓർത്തഡോക്സിക്കു കോട്ടം വരികയില്ലേ?

രാജൻ തോമസ് ബോംബെ.

ഡോക്ടറേററു കൊടുക്കുന്ന ഒരു സെമിനാരിയും ഓറിയൻറൽ ഓർത്തഡോക്സ് സഭകൾക്കില്ല. ഇപ്പോൾ നമ്മുടെ സെമിനാരിയിൽ പഠിക്കുന്നവർക്ക് സെറാമ്പൂർ ഡോക്ടറേററ് എടുക്കാം. പഠിപ്പിക്കുന്നവർ നമ്മുടെ അംഗങ്ങളാകയാൽ അവർ പഠിച്ചതും പഠിപ്പിക്കുന്നതും സൃഷ്ടിപരമായ നിരൂപണത്തോടു തന്നെയാണ്. അതല്ലാതെ വേറെ എവിടെനിന്നാണ് അവർ പഠിക്കേണ്ടത്? നമ്മുടെ ഓർത്തഡോക്സി ഏതു സെമിനാരിയിൽ പഠിച്ചാലും കൂടുതൽ ഉറയ്ക്കുന്നതല്ലാതെ കലുങ്ങുന്നതല്ല. സത്യത്തിനു ഭയമില്ലല്ലോ.

---



# തെററിദ്ധാരണകൾ (ii)

## മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ

ഇന്ന് പൊതുവിൽ കാണുന്ന ചില തെററിദ്ധാരണകളെക്കുറിച്ച് ചിന്തിക്കാം 1) കുട്ടികൾ മാതാപിതാക്കന്മാരെ തെററിദ്ധരിക്കുന്നു. സ്കൂളിൽ പോയി പഠിക്കേണ്ട, കളിച്ചാൽ മതിയെന്ന് പറയുന്ന കുട്ടിയെ അമ്മ അടിച്ചു സ്കൂളിൽകൊണ്ടു പോകുന്നു. പ്രായമായാൽ മററു ചില കാര്യങ്ങളിൽ നിന്ന് പിൻ തിരിപ്പിക്കുന്നു. ഇഷ്ടം പോലെ പണം കൈകാര്യം ചെയ്യുന്നതിന് മാതാപിതാക്കന്മാർ അനുവദിക്കാതെ അവരെ നിയന്ത്രിക്കാൻ ശ്രമിക്കുന്നു. ഇതെല്ലാം മാതാപിതാക്കന്മാരുടെ സ്നേഹവും മക്കളുടെ ഉയർച്ചയ്ക്കായുള്ള ആത്മാർത്ഥമായുള്ള ആഗ്രഹവും മക്കൾ ദർശിക്കാതെ തെററിദ്ധരിക്കുന്നു.

ചില മാതാപിതാക്കൾ ബലഹീനരായ മക്കളെ പ്രത്യേകം കരുതുന്നതു പക്ഷാഭേദമായി ശേഷം മക്കൾ മുദ്രയടിച്ചു മാതാപിതാക്കന്മാരെ വെറുക്കുന്നു. എല്ലാവരും ഒരുപോലെ ഉയർന്നു വരണമെന്ന മാതാപിതാക്കന്മാരുടെ സദുദ്ദേശത്തെ അവർ കാണുന്നില്ല.

2. മാതാപിതാക്കന്മാർ മക്കളെ തെററിദ്ധരിക്കുന്നതായും കാണാം. തങ്ങളുടെ ചെറുപ്പത്തിൽ ലഭിച്ച സ്വാതന്ത്ര്യം മാത്രമേ ഇന്ന് മക്കൾക്കു നൽകാവൂ എന്നും മററും ചില മാതാപിതാക്കന്മാർ ചിന്തിക്കും. അതു വിട്ടുമാറുന്നതു് അനുസരണക്കേടും അഹങ്കാരവുമായി മുദ്രയടിക്കും.

3. സ്വന്തക്കാരെ പ്രത്യേകം പരിഗണിച്ച് അന്യായമായി ജോലി കൊടുക്കുകയും പഠിത്തത്തിന് പ്രവേശനം നൽകുകയും ചെയ്തില്ലെങ്കിൽ, മനുഷ്യത്വമില്ലായ്മയും നന്ദിയില്ലായ്മയുമായി പലരും മുദ്രയടിക്കുന്നു. ന്യായമായി ഒരാൾക്കു ലഭിക്കേണ്ടതു് സ്വന്തക്കാരനെന്ന ഏക കാരണത്താൽ മററൊരാൾക്കു കൊടുക്കുന്നതാണ് തെററെന്ന് ഗ്രഹിക്കാതെ, നീതി പ്രവർത്തിക്കുന്നു.

4. ദൈവത്തിൻെറ സ്നേഹത്തെയും നമ്മിൽ ഏറെ പേർ തെററിദ്ധരിക്കുന്നു. ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് ദൈവം കഷ്ടത നൽകുമെന്നും അതു് ദൈവം നന്മയ്ക്കാക്കുമെന്നും, നാം ദൈവത്തോടു സഹകരിക്കയാണ് വേണ്ടതെന്ന് മനസ്സിലാക്കാതെ, ദൈവത്തിൻെറ നന്മയെയും സ്നേഹത്തെയും ദൈവത്തിൻെറ ഉണ്മയെ പോലും തെററിദ്ധരിക്കുന്നവരുണ്ട്. ''പുത്രനെങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി'' (എബ്രാ. 5:8) എന്ന് പറയുന്നതിനാൽ കഷ്ടതയിൽ കൂടിയാണ് കർത്താവു തൻെറ മനുഷ്യത്വത്തിൽ പൂർണ്ണതയെ പ്രാപിച്ചതെന്ന് മനസ്സിലാക്കാം. നമ്മുടെ നന്മയ്ക്കായി തരുന്ന കഷ്ടതകളെ നാം തെററിദ്ധരിക്കരുത്.

മററുള്ളവർ കുററക്കാരാണെന്ന് നാം തെററായോ ശരിയായോ ധരിച്ചാൽ എന്തായിരിക്കണം നമ്മുടെ പ്രതികരണമെന്ന് ചിന്തിക്കേണ്ടതാണ്. രഹസ്യമായി കാര്യങ്ങൾ പരിശോധിച്ചറിയുകയും, രഹസ്യമായി തിരുത്തുകയും, കുററക്കാരോട് ആത്മാർത്ഥമായി ക്ഷമിക്കുകയുമാണ് ചെയ്യേണ്ടതു്. കുററക്കാരോടു ക്ഷമിക്കുന്നവർക്കേ തെററിദ്ധാരണ കൊണ്ട് മററുള്ളവരെ ഉപദ്രവിക്കാതിരിക്കാൻ പററൂ.

കുററക്കാരെ ദൈവമക്കളായി കാണുമ്പോഴും അവർ നമ്മെപ്പോലെയുള്ള സമസൃഷ്ടികളായി കാണുമ്പോഴും അവരോടു ക്ഷമിക്കുവാൻ സാധിക്കും. അപ്പോൾ അവർ കുററക്കാരായാലും അല്ലെങ്കിലും നമ്മെ കൂടുതലായി ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യും.

തെററിദ്ധാരണകൊണ്ട് മനുഷ്യൻ അകലുന്നതുപോലെ നല്ല ധാരണകൾ മൂലം അടുക്കുകയും ചെയ്യും. ഒരു കഥ കേട്ടിട്ടുണ്ട്. കുറെ പെൺ കുട്ടികൾ ഒരു പെൺകുട്ടിയെ കളിയാക്കാനായി ഒന്നടത്ത ആൺകുട്ടിക്ക് അവളോടു വളരെ സ്നേഹമാണെന്ന് പറഞ്ഞു വിശ്വസിപ്പിച്ചു. ആ ധാരണയിൽകൂടി ജീവിച്ചതിനാൽ ആ ആൺകുട്ടിയുടെ പെരുമാററങ്ങളെല്ലാം അവളോടുള്ള സ്നേഹത്തിൻെറ പ്രദർശനമായി അവൾ കരുതി, ഇപ്പറഞ്ഞ ആൺകുട്ടിയോട് അവൻെറ കൂട്ടുകാർ പറഞ്ഞു, മേൽ പറഞ്ഞ പെൺകുട്ടിക്ക് അവനോട് വളരെ സ്നേഹമാണെന്ന്. അവൻ അതു് വിശ്വസിച്ചതിനാൽ, ഈ പെൺകുട്ടിയുടെ പെരുമാററമെല്ലാം അവനോടുള്ള സ്നേഹത്തിൻെറ

# അനുതാപ ഗീതങ്ങൾ (v)

## മാർ സേവേറിയോസ് മെത്രാപ്പോലീത്താ & സി. പി. ചാണ്ടി

സഹജന്മാരേ വലിയ കടത്താൽ നിന്ദിതനായേൻ
കരുണക്കടലേ! എന്റെ കടം നീ വീട്ടിടണമെ
നീതി പരന്മാർക്കിടയിൽ തുണ ഞാൻ
നേടീടായ്‌വാൻ
എന്നെയെൻ പിഴതടയുന്നതിനാലല്ലയോ കഷ്ടം.

ആയുധാതൻ സാമ്യത്തിൽ ഞാൻ ചെയ്തോരധർമ്മം
നിൻ പക്കൽ നിന്നെന്നെയകയററുകയാൽ
ഞാൻ നിന്ദ്യൻ
എൻ കടമോർത്താൽ നിന്നെ നോക്കാൻ കഴി
വില്ലയ്യോ
പാഴ് പണി ചെയ്തൊരു കൂലിക്കാരൻ ഞാന
തിനിന്ദ്യൻ.

അദ്ധ്വാനത്താലെന്മെയ്യുവശതയാണെന്നാലും
വേലകളെല്ലാം വെറുതെയായതിനാൽ ഞാൻ
നിന്ദ്യൻ
താനേ നഷ്ടപ്പെട്ടോ നാം ഞാനെന്തിഹ ചെയ്‌വൂ
പോയോരാടിനെന്നോണം നീ തിരയണ മെന്നെ.

സമ്പത്തെല്ലാം അയ്യോ കഷ്ടം ധാരാളിച്ചേൻ
സ്വാതന്ത്ര്യത്താൽ വെറുതെ തന്നെ നഷ്ട
പ്പെട്ടേൻ
എൻ നടപടിയാൽ ദുഷ്ട ജനത്തിൻ സ്നേ
ഹിതനായേൻ
എന്നെയധാർമ്മീകനെന്നെണ്ണുകയാലയ്യോ കഷ്ടം.
മാലാഖകളുടെ സംസർഗ്ഗം വിട്ടയ്യോ രക്ത
ക്കൊതിയന്മാരാം ചെന്നായ്ക്കളും തൻ നടുവിൽ
പാർത്തേൻ
ദൈവതനുജൻ വത്സലമക്കൾക്കായ് വാഗ്ദാനം
ചെയ്തൊരു ഭാഗ്യം കൈവിട്ടോൻ ഞാൻ
ഹതഭാഗ്യൻ താൻ.
ദുർവ്വഹഗന്ധം പിടിപെട്ടോൻ ഞാൻ കണ്ടാ
ലുമിതാ
വൈരുദ്ധ്യങ്ങൾക്കിടയില ലക്ഷ്യം തിണ്ടാടുന്നു
മാമകമാത്മം ദൈവമണവാളനു വധുവായ്,
വാഴ്കെ
വ്യാജത്തിൻ വഴിതേടിയൊരീ ഞാനയ്യോ
ദോഷി.
അവിടെൻ പേർക്കായ് കരുതിയിരുപ്പുണ്ടതി
ഭീകരമാം
നരകക്കുഴിയിൻ വൻനിലവിളിയും പല്ലിൻ കടിയും
ശപഥങ്ങളെ ഞാൻ തള്ളുകയാലിന്നയ്യോ കഷ്ടം
കേണീടുന്നേൻ മേന്മേൽ ദുരിത മെനിയ്ക്കായ് സജ്ജം
നിർമ്മല വേഷം കൈക്കൊണ്ടോൻ ഞാൻ
സാത്താൻ സഹിതം
രാവും പകലും പണി ചെയ്തതിനാലയ്യോ
കഷ്ടം.
ഞാനെൻ താലന്തയ്യോ കഷ്ടം മണ്ണിൽ പൂഴ്ത്തി
അതിനാലാന്നേൻ വൻ നില വിളിയും പല്ലിൻ
കടിയും
വ്യാപാരക്കഥ ചോദിക്കുമ്പോൾ ഞാൻ വിഷമിക്കും
സമ്പാദിച്ചേനയ്യോ കഷ്ടം ദുരിതം മാത്രം.
ദീപ്തി സുതന്മാർ സ്രാപ്പേന്മാരും പ്രാപിക്കാത്ത
പരമോന്നതപദ മാർജ്ജിച്ചെങ്കിലുമീ ഞാൻ
നിന്ദ്യൻ
സ്വർഗ്ഗനികേതന ദൂതാധിപരുടെ സന്നിധി
തന്നിൽ
ലജ്ജിതനായ് ഞാൻ നില കൊള്ളുമ്പോളയ്യോ
കഷ്ടം.

ഗർജ്ജിച്ചിടയോൻ താലന്തെന്നോട് ചോദിക്കു
മ്പോൾ
എൻ സോദരരേ തുണയററോനായ് ഞാൻ
വിഷമിക്കും
കീപ്പായേപോൽ പൗരോഹിത്യം പ്രാപിച്ചേൻ
ഞാൻ
അന്യായത്തിൻ കിങ്കരനായേനയ്യോ കഷ്ടം.
ദുർലോകത്തെവെന്നുയിർനേടിയ
പ്രിയരേയെല്ലാം
പാർത്തീടുമ്പോഴയ്യോ കഷ്ടം ഞാനൊരരിഷ്ടൻ
ഉയിരിൻ സംഗതി ചോദിക്കുമ്പോൾ
ഞാൻ നിന്ദ്യൻ താൻ
അന്തിമമാണീ വിധിയെന്നേതും
ഞാനോർത്തില്ല.
സഹജന്മാരേ നിങ്ങടെ പാവന സംസർഗ്ഗത്തി
ന്നെന്നെ തള്ളിക്കളയുകയാൽ ഞാനയ്യോ നിന്ദ്യൻ
ഒട്ടു പഠിച്ചോൻ ഞാൻ നഷ്ടപ്പെട്ടതിനാലെ വരും
കഷ്ടമെനിക്കായ് നേരേണ്ടു പരമുചിതം തന്നേ.
പലരേ പരിശീലിപ്പിച്ചോൻ ഞാൻ
കേമൻ നിന്ദ്യൻ
പരിചിത ജനതാമദ്ധ്യേ കഷ്ടം
ഞാനൊരു ദോഷി
ചേതപ്പെട്ടിഹ കാണാതാവാനിടയാകരുത—
ങ്ങുള്ളിൽ കയറാൻ വാതിലെനിക്കു
തുറന്നീടണമേ.
എന്നവകാശം കൈവിട്ടാസ്ഥികൾ ഞാൻ പാഴാക്കി
ഞാനിനിയടിയാൻ നിൻകൃപയാലേ ജീവിക്കട്ടെ
ചുങ്കക്കാരനൊടെന്നോണം കൃപ തോന്നണമെന്മേൽ
പാപിനിയാൾക്കെന്നോണമെനിക്കായ് നൽകുക
മുക്തി.

(തുടരും)

പ്രദർശനമാണെന്ന് വിശ്വസിച്ചു. ഇവർ രണ്ടുപേ രും കൂടുതൽ അടുത്തു. ഒടുവിൽ അവർ തമ്മിൽ വിവാ ഹം കഴിക്കണമെന്ന സ്ഥിതിവരെ ആയപ്പോൾ അവർ രണ്ടു പേരോടും കൂട്ടുകാർ സത്യം പറഞ്ഞു. അവ രെ കളിയാക്കാൻവേണ്ടി പറഞ്ഞുണ്ടാക്കിയ സ്നേഹ മായിരുന്നു അത് എന്ന്. എന്നാൽ അവരുടെ സ്നേഹം ഇപ്പോൾ യഥാർത്ഥ സ്നേഹമായിക്കഴിഞ്ഞെന്നും അവർ തമ്മിൽ വിവാഹം കഴിക്കണമെന്നും തീരു മാനിച്ച്, വിവാഹം കഴിച്ചു.

ആത്മാർത്ഥമായ സ്നേഹമുള്ളവരുടെ സ്നേ ഹം കുറെക്കൂടെ വർദ്ധിപ്പിക്കുന്നതിനും നമുക്ക് സാധിക്കും. മറെറ ആളുകളുടെ സ്നേഹത്തെക്കുറി ച്ച് രണ്ടു പേരോടും പറയുക. അവർ കൂടുതലായി സ്നേഹിക്കും. അതേ സമയത്ത് ശത്രുതയിൽ ഇരി ക്കുന്നവർ പരസ്പരം വിമർശിക്കുന്നതു വിട്ടുകള ഞ്ഞ് എന്തെങ്കിലും നന്മപറഞ്ഞെങ്കിലും അക്കാര്യം മറെറആളുടെ അടുക്കൽ പറഞ്ഞ് സ്നേഹം വർദ്ധി പ്പിക്കുവാൻ കഴിയും. ഇങ്ങനെ ക്രമേണ ശത്രുത മാ ററി സ്നേഹത്തിൽ നിറയ്ക്കാൻ സാധിക്കും. നാം എങ്ങനെയുള്ളവരാണ്? തെററിദ്ധാരണ വർദ്ധി പ്പിക്കുന്നവരോ. അവ ഇല്ലാതാക്കുന്നവരോ, നല്ല ധാരണകൾ നൽകി സ്നേഹത്തിലേക്ക് നയിക്കുന്ന വരോ? ചിന്തിക്കുക.



# സഭാ വാർത്തകൾ

### പള്ളി കൂദാശ

വേങ്ങൽ: പുതുക്കിപ്പണിത വേങ്ങൽ സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ കൂദാശ ഫെ: 15-ന് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറി ലോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വ ത്തിൽ നടന്നു. തോമസ് മാർ തീമോത്തിയോസ്, ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഗീവർഗീ സ് മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീ ത്താമാർ സഹകാർമ്മികത്വം വഹിച്ചു.

ആരാധനാസൗകര്യത്തെ മുൻനിർത്തി തിരുവല്ലാ കുട്ടപ്പുറം പള്ളിയിൽ നിന്ന് 58 വർഷം മുമ്പ് പിരി ഞ്ഞ സമാംഗങ്ങൾ 7 ലക്ഷം രൂപാ ചെലവാക്കി നിർമ്മിച്ച പള്ളിയാണ് പുതുക്കിപ്പണിതിരിക്കുന്നത്.

കൂദാശയെത്തുടർന്നു ചേർന്ന പൊതു സമ്മേളന ത്തിൽ തോമസ് മാർ തീമോത്തിയോസ് മെത്രാ പ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഡോ. അലക്സാ ണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗീവർഗീസ് മാർ ഒസ്താ ത്തിയോസ് മെത്രാപ്പോലീത്താ, മോൺ. ജോർജ് ചൂണ്ടേവാലേൽ, വൈദീക ട്രസ്ററി ഫാ. മത്താ യി നൂറനാൽ, ജസ്ററീസ് കെ. ജോൺ മാത്യു, സമുദായ സെക്രട്ടറി പോൾ മത്തായി, മാത്യു ടി. തോമസ് എം. എൽ. എ., ഗീവർഗീസ് കരിപ്പാ യിൽ എന്നിവർ പ്രസംഗിച്ചു.

കൂദാശയോടനുബന്ധിച്ചു ത്രുമ്പുങ്കൽ ഐപ്പിന് ഇടവക വകയായി ഒരു വീടും നിർമ്മിച്ചു നൽകി.

### വാർഷികവും സമ്മാനദാനവും

കുന്നംകുളം മെയിൻ റോഡ് ഗ്രീഗോറിയോസ് മെമ്മോറിയൽ സൺഡേസ്കൂൾ, ബാലസമാജം എന്നി വകളുടെ വാർഷികവും സൺഡേസ്കൂൾ സമ്മാനദാന വും ഫാ. സ്ററീഫൻ ഒ. ഐ സി. യുടെ അദ്ധ്യക്ഷ തയിൽ നടത്തി. വാർഷിക സമ്മേളനത്തിൽ കുട്ടിക ളുടെ കലാപരിപാടികളും ഉണ്ടായിരുന്നു.

### സെമിനാർ

കുന്നംകുളം മെയിൻ റോഡ് മാർ ഗ്രീഗോറി യോസ് മെമ്മോറിയൽ സൺഡേസ്കൂൾ ഏകദിന സെമിനാർ പ്രസ്തുത പള്ളിയിൽ വച്ചു നടന്നു.

വി. കുർബ്ബാനയെ തുടർന്ന് നടന്ന സെമിനാറിൽ ഫാ. ജോസ് പുലിക്കോട്ടിൽ, ഫാ. എബ്രഹാം ചാ ലിക്കൽ, സി. ഐ. ജോർജ്, പീററർ മാസ്ററർ, കെ. എം. പാവുണ്ണി, ചിന്നമ്മ ററീച്ചർ എന്നിവർ നേതൃത്വം നൽകി.

സമാപന സമ്മേളനത്തിൽ പൗലൂസ് മാർ മിലിത്തിയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷം വഹിച്ചു. ഹെഡ്മാസ്ററർ സി. വി. ഉല്ലാസ് സ്വാഗതം ആശംസിച്ചു.

### നാരങ്ങാനം

നാരങ്ങാനം സെൻറ് ബാസിയോസ് ഓർത്ത ഡോക്സ് ഇടവകയുടെ പ്രാർത്ഥനായോഗം, മർത്ത

മറിയംസമാജം, സണ്ടേസ്കൂൾ, യുവജനപ്രസ്ഥാനം എന്നീ ആദ്ധ്യാത്മിക സംഘടനകളുടെ ഏകോപിച്ചുള്ള വാർഷികം 1988 ജനുവരി മാസം 24–ാം തീയതി ഞായറാഴ്ച പകൽ 2 മണി മുതൽ തുമ്പമൺ ഭദ്രാസന അസി. മെത്രാപ്പോലീത്താ ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ഇടവകപള്ളിയിൽവച്ച് നടത്തപ്പെട്ടു.

സണ്ടേസ്കൂളിൽ 1 മുതൽ 9 വരെ ക്ലാസ്സുകളിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ വിജയിച്ച കുട്ടികൾക്ക് അദ്ധ്യക്ഷൻ തിരുമേനി സമ്മാനം വിതരണം ചെയ്തു.

## ധ്യാനമന്ദിര കൂദാശ

മൈലമൺ സെ. ജോർജ്ജ് പള്ളിയോട് ചേർന്ന് പരുമല തിരുമേനിയുടെ നാമത്തിൽ പണികഴിപ്പിച്ചിട്ടുള്ള ധ്യാനമന്ദിരത്തിന്റെ ഉൽഘാടനവും കൂദാശയും മാത്യൂസ് മാർ ബർന്നബാസ് തിരുമനസ്സുകൊണ്ട് ഫെ: 5–ാം തീയതി നിർവ്വഹിച്ചു.

4–ാം തീയതി വൈകിട്ട് തിരുമനസ്സുകൊണ്ടു ധ്യാന പ്രസംഗം നടത്തി. വെള്ളിയാഴ്ച വി. കുർബ്ബാന അർപ്പിച്ചു. പരുമലയിൽ നിന്നും കൊണ്ടുവന്നു സൂക്ഷിച്ചിരുന്ന തിരുശേഷിപ്പു ധ്യാനമന്ദിരത്തിൽ നിക്ഷേപിച്ചു. വിവിധ മതക്കാരായ ധാരാളം ആളുകൾ ഉത്ഘാടന പരിപാടികളിൽ സംബന്ധിച്ചു. ഇടവക വികാരി ഫാ. കെ. വി. ഈപ്പൻ കൃതജ്ഞത പ്രകാശിപ്പിച്ചു.

## നിലയ്ക്കൽ സെ. തോമസ് ഓർത്തഡോക്സ് സെന്റർ

ആങ്ങമൂഴി ജംഗ്ഷനു സമീപം മലങ്കര ഓർത്തഡോക്സ് സഭവകയായി ഒരു മന്ദിരം നിർമ്മിക്കുന്നതിനുള്ള ശിലാസ്ഥാപനം 1988 ജനുവരി 31–ാം തീയതി പ. കാതോലിക്കാബാവാ തിരുമേനി നിർവ്വഹിച്ചു. അഭിവന്ദ്യ ക്ലീമീസ് തിരുമേനി സഹകാർമ്മികനായിരുന്നു.

തുടർന്ന് പ. ബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ മാത്യൂസ് മാർ കൂറിലോസ് തിരുമേനി, സമുദായ അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാം, ഫാ. ജോഷ്വാ പീടികയിൽ, ഫാ. ഫീലിപ്പോസ് നടമല, മാത്യു മടക്കക്കുഴി എന്നിവർ പ്രസംഗിച്ചു. വി. ചെറിയാൻ കൃതജ്ഞത പറഞ്ഞു. ഫാ. ദാനിയേൽ O. I. C. സ്വാഗതസംഘത്തിന്റെ കൺവീനറായിരുന്നു. വലിയ ഒരു ജനക്കൂട്ടം പരിപാടികളിൽ സംബന്ധിച്ചു.

## ഏകദിനസമ്മേളനങ്ങൾ.

മദ്രാസ്: മദ്രാസ് റീജനിലുള്ള ഓർത്തഡോക്സ് പള്ളികളിലെ സൺഡേസ്കൂൾ അദ്ധ്യാപകരുടെയും വികാരിമാരുടെയും ഒരു ഏകദിനസമ്മേളനം 26–1–88–ൽ താംബരം സെ. ഗ്രീഗോറിയോസ് പള്ളിയിൽ വെച്ച് ഫാ. ജോർജ്ജു വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടി.

സമ്മേളനത്തിന്റെ ചിന്താവിഷയം ''എന്റെ കുഞ്ഞാടുകളെ മേയിക്കുക'' എന്നതായിരുന്നു. ഡീ. എൻ. ജി. ഏബ്രഹാം സമ്മേളനത്തിന് നേതൃത്വം നൽകി. ഫാ. വർഗീസ് വാലയിൽ സ്വാഗതവും കെ. സി. ചെറിയാൻ നന്ദിയും രേഖപ്പെടുത്തി. കാതോലിക്കാ മംഗളഗാനാലാപത്തോടെ സമ്മേളനം പര്യവസാനിച്ചു.

## പള്ളികൂദാശ

**തലയിണത്തടം:** പുതുതായി പണി തീർത്ത തലയിണത്തടം സെ. മേരീസ് പള്ളിയുടെ കൂദാശ കാതോലിക്കാബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും മാത്യൂസ് മാർ കൂറിലോസ്, മാത്യൂസ് മാർ ബർന്നബാസ് എന്നീ തിരുമേനിമാരുടെ


### പാമ്പാടി ബി. എം. എം. ബോർഡിംഗ് സ്കൂൾ

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ തിരുമേനിയുടെ പേരിൽ പാമ്പാടി ദയറായോടനുബന്ധിച്ച് 1983–ൽ ആരംഭിച്ച ഇംഗ്ലീഷ് മീഡിയം സ്കൂളിൽ (B. M. M. English Medium Recognised School), L. K. G., U. K. G. എന്നീ നേഴ്സറി വിഭാഗങ്ങളിലും Std. 1 മുതൽ 4 വരെ ലോവർ പ്രൈമറി, Std. 5 മുതൽ 7 വരെ അപ്പർ പ്രൈമറി എന്നീ ക്ലാസ്സുകളിലും ആയി 300–ലധികം കുട്ടികൾ കേരളാ സിലബസ് അനുസരിച്ച് പഠിച്ചു വരുന്നു. ഈ സ്കൂൾ വർഷാരംഭം മുതൽ സ്കൂളിനോടനുബന്ധിച്ച് ബോർഡിംഗും ആരംഭിക്കുകയാണ്. ട്രെയിൻഡ് ഗ്രാഡുവേറ്റ്സ് ആൻഡ് പോസ്റ്റ് ഗ്രാഡുവേറ്റ്സ് ടീച്ചേഴ്സ് സേവനം അനുഷ്ഠിച്ചുവരുന്നു. പാഠ്യ വിഷയങ്ങളിലും, പാഠ്യേതര വിഷയങ്ങളിലും കുട്ടികൾക്ക് പരിശീലനം നൽകുന്നു. ബോർഡിംഗിൽ കുട്ടികളെ ചേർക്കേണ്ട രക്ഷകർത്താക്കൾ ഏപ്രിൽ മാസം 15–ാം തീയതിക്കുമുമ്പായി P. C. Yohannan Remban, Manager, B. M. M. Engish Medium School, Pothenpuram P. O. Pampady–686502 എന്ന വിലാസത്തിൽ എഴുതുക.




സഹകാർമ്മികത്വത്തിലും ജനുവരി 27, 28 തീയതികളിൽ നടന്നു.

28–ാം തീയതി രാവിലെ മുള്ളൂട്ടതറയിൽ എത്തിയ ബാവാ തിരുമേനിക്ക് ഇടവകാംഗങ്ങളും നാട്ടുകാരും ചേർന്ന് പള്ളിയിലേക്ക് സ്വീകരണം നല്കി. ബാവാ തിരുമേനിയെ വികാരി ഫാ. സി. കെ. വറുഗീസും, ട്രസ്റ്റി കെ. സി. വറുഗീസും ചേർന്നു സ്വീകരിച്ചു. തുടർന്ന് 8 മണിയ്ക്ക് ആരംഭിച്ച കൂദാശാ ശുശ്രൂഷകൾ ഒരു മണിയോടെ അവസാനിച്ചു.

ഉച്ചകഴിഞ്ഞ് ബർന്നബാസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മതസൗഹാർദ്ദ സമ്മേളനം ബാവാ തിരുമേനി ഉത്ഘാടനം ചെയ്തു. വിവിധ സഭാപ്രതിനിധികൾ പ്രസംഗിച്ചു.

ആഘോഷക്കമ്മറ്റി കൺവീനർ കെ. എം. ഫീലിപ്പോസ് സ്വാഗതവും, ഫാ. സി. കെ. വറുഗീസ് കൃതജ്ഞതയും പറഞ്ഞു.

**പെരുമ്പെട്ടി:** പുതുക്കിപ്പണിത പെരുമ്പെട്ടി സെ. മേരീസ് പള്ളിയുടെ കൂദാശ ഗീവർഗീസ് മാർ ഒസ്താത്തിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ കാർമ്മികത്വത്തിലും പി. സി. യുഹാനോൻ റമ്പാച്ചന്റെ സഹകരണത്തിലും നടത്തപ്പെട്ടു. കൂദാശാനന്തരം ഒസ്താത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനം ഈവാനിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ഫാ. വി. ഐ. തോമസ്, സി. എം. ഫീലിപ്പോസ്, പി. ഈ. ഇട്ടി, കെ. കെ. മത്തായി എന്നിവർ പ്രസംഗിച്ചു. ഫാ. ഗീവർഗീസ് കുഴിത്താനത്തു് സ്വാഗതവും ഫാ. ഏബ്രഹാം കോട്ടയിൽ കൃതജ്ഞതയും പറഞ്ഞു.

## വാർഷിക ധ്യാനം

തിരുവല്ല: പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന എം. ജി. എം. ബോർഡിംഗ് ഹോമിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും 1987–88–ലെ വാർഷികധ്യാനം ഫെബ്രുവരി 19, 20, 21 എന്നീ തീയതികളിൽ നടത്തപ്പെട്ടു. 19–ാം തീയതി വൈകിട്ട് ആരംഭിച്ച ധ്യാനം 21–ാം തീയതി വി. കർബാന അനുഭവത്തോടുകൂടി അവസാനിച്ചു. ബഥനി ആശ്രമത്തിലെ ഫാ. മത്തായി O. I. C. ധ്യാനത്തിന് നേതൃത്വം നൽകി.

## ബർന്നബാസ് മെത്രാപ്പോലീത്താ

അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ ഫെബ്രുവരി 23–ാം തീയതി അമ്പൂരി സെ. ജോർജ്ജ് പള്ളിയിലേക്ക് പോയി. തിരുമനസ്സുകൊണ്ട് ഗൾഫു രാജ്യങ്ങളിലുള്ള മററ് ഇടവകകളിലെ മലങ്കര സഭാംഗങ്ങളേയും സന്ദർശിച്ചശേഷം ജൂൺ പകുതിയോടു കൂടി തിരിച്ചെത്തുന്നതാണ്.



ഓതറ ദയറാ മാനേജർ
റമ്പാൻ ബർശ്ലോമ്മാ
(മുമ്പ് ഫാ. ഗീവർഗീസ്)

## സുവാർത്താഗിരി കൺവൻഷൻ.

ഞാലിയാകുഴി സുവാർത്താഗിരിയിലെ ക്രിസ്ത്യൻ സെന്റർ, വാകത്താനം ഇമാം സുവാർത്താ ഫെല്ലോഷിപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഫെബ്രുവരി 7 മുതൽ 14 വരെ സുവാർത്താഗിരി കൺവൻഷൻ നടന്നു. സി. വി. ജോർജ് കോറെപ്പിസ്ക്കോപ്പാ, ബർസൗമാ റമ്പാൻ, പോൾ സിനിരാജ് മുഹമ്മദ് എന്നിവർ യോഗങ്ങൾക്ക് നേതൃത്വം നൽകി. സുവാർത്താഗിരി ക്രിസ്ത്യൻ സെന്ററിൽ പുതുതായി പണികഴിച്ച ചാപ്പലിന്റെ കൂദാശകർമ്മം കൺവൻഷൻ യോഗങ്ങൾക്കിടയിൽ പ. കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു. യോഗങ്ങളിൽ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ കൂടാതെ സഭയിലെ പട്ടക്കാരും സുവിശേഷകന്മാരും ധ്യാനങ്ങളും പ്രസംഗങ്ങളും നടത്തി. എല്ലാ വർഷവും ഫെബ്രുവരി ഒന്നാം ഞായർ മുതൽ രണ്ടാം ഞായർ വരെ സുവാർത്താഗിരി സിറിയൻ കൺവൻഷൻ നടത്തുവാൻ തക്കവണ്ണം പുതിയ കമ്മററിയെയും തിരഞ്ഞെടുത്തു.

## ഇൻകം ടാക്സ് ഇളവ്.

ഓർത്തഡോക്സ് സഭ വകയായി ശിശുക്ഷേമ ബോർഡിന്റെ കീഴിൽ ആന്ധ്രായിൽ യാച്ചാരം

എന്ന ഗ്രാമത്തിൽ കുഷ്ഠരോഗികളുടെ രോഗം വരാത്ത കുട്ടികൾക്കുവേണ്ടി ആരംഭിച്ചിരിക്കുന്ന സെ. ഗ്രീഗോറിയോസ് ബാലഗ്രാമത്തിന് കൊടുക്കുന്ന സംഭാവനകളെ ഇൻകം ടാക്സിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഇത് 26–5–87 മുതൽ 31–3–89 വരെ നൽകുന്ന സംഭാവനകൾക്ക് ബാധകമാണ്. ഹൈദരബാദ് ഇൻകം ടാക്സ് കമ്മീഷണറുടെ 17–11–87 ലെ 11/12A & 806/15/87–88–ലെ ഓർഡറിൻ പ്രകാരമാണ് ഈ ഇളവ്.

ബാലഗ്രാമിന്റെയും ശിശുക്ഷേമ ബോർഡിന്റെയും ഏകോപിച്ചുള്ള പൊതുയോഗം 1988 ഫെബ്രുവരി 16–ാം തീയതി പഴയസെമിനാരി സോഫിയാ സെന്ററിൽ വെച്ചു കൂടി.

## ഇമാം സുവാർത്താ മിഷൻ

ക്രിസ്തുയേശുവിനെ കർത്താവും രക്ഷിതാവുമായി സ്വന്തജീവിതത്തിൽ അനുഭവിച്ചറിഞ്ഞ 8 മുസ്ലീം യുവാക്കൾ 1982 ഡിസംബർ 24–ാം തീയതി അർദ്ധരാത്രിയിൽ പ്രാർത്ഥനയിൽ മുഴുകിയിരിക്കുമ്പോൾ മുസ്ലീം പള്ളി ഭാരവാഹികളുടെ കുതന്ത്രഫലമായി പോലീസിനാൽ അറസ്റ്റുചെയ്യപ്പെടുകയും 3 ദിവസം ലോക്കപ്പിൽ കിടക്കുകയും ചെയ്യേണ്ടിവന്നു. അവിടെ അവർ പോലീസിന്റെ മർദ്ദനമേറ്റു പുളയുമ്പോൾ ഒരുമനപ്പെട്ട് കണ്ണുനീരോടെ പ്രാർത്ഥിച്ച് ഒരു തീരുമാനമെടുത്തു. യേശുക്രിസ്തുവിനെ സ്വന്തജനത്തിനോടും ക്രിസ്തുവിനെ അറിയാത്തവരും അനുഭവിക്കാത്തവരുമായ പ്രിയപ്പെട്ടവരോടും സ്വാനുഭവങ്ങളോടെ വിളിച്ചറിയിക്കുക എന്ന്. അതിന്റെ ഫലമായാണ് ഇമാം സുവാർത്താ മിഷൻ രൂപം കൊണ്ടത്.

'ഇമാം' അറബിപദമാണ്. പുരോഹിതനെന്നും നേതാവെന്നും ഒക്കെ ഇതിനർത്ഥമുണ്ട്. താൻ മുഖാന്തിരമായി ദൈവത്തോട് അടുക്കുന്നവർക്കുവേണ്ടി പക്ഷവാദം ചെയ്യാൻ സദാ ജീവിക്കുന്ന പവിത്രനും നിർദ്ദോഷനും നിർമ്മലനും പാപികളോട് വേറിട്ടവരും സ്വർഗ്ഗത്തെക്കാൾ ഉന്നതനായിത്തീർന്നവനും ആയ ഒരു ശ്രേഷ്ഠമഹാപുരോഹിതനെ (മസ്ദി ഇമാം) എബ്രാ. 7:25-26 വാക്യങ്ങൾ എടുത്തു കാട്ടുന്നു. ആ ഇമാം ഈസാമസീഹ് (യേശുക്രിസ്തു) ആണ്. യേശുക്രിസ്തു അല്ലാഹുവിന്റെ മസീഹ (മസീഹുല്ലാഹ്) ആണെന്ന് ഖുർ–ആൻ സമ്മതിക്കുന്നു. മാത്രമല്ല യേശുക്രിസ്തുവിനെ അനുസരിക്കുകയും അല്ലാഹുവിനെ (യഹോവ) സൂക്ഷിക്കുകയും ചെയ്യണമെന്ന് ഖുറാനിലെ 3:50 & 43:61 സൂക്തങ്ങൾ വ്യക്തമാക്കുകയും ചെയ്യുന്നു. അന്ത്യകാലത്ത് മഹ്ദി ഇമാം (ശ്രേഷ്ഠമഹാപുരോഹിതൻ) പ്രത്യക്ഷനാകുമെന്നും, അവൻ മസീഹുദ്ദജ്ജാലിനെ (എതിർ ക്രിസ്തു) നശിപ്പിക്കുമെന്നും ഇസ്ലാം മതം ഉറച്ചു വിശ്വസിക്കുന്നു. ആ മഹാപുരോഹിതനായ ക്രിസ്തുവിന്റെ നാമത്തെ ഉയർത്തുന്നതിന് മലങ്കര ഓർത്തഡോക്സ് സഭ അനുശാസിക്കുന്ന വിശ്വാസാചാരങ്ങളോടെ പരിശുദ്ധ കാതോലിക്കാ ബാവായുടെ അനുഗ്രഹാശിസ്സുകളോടെ നടത്തുന്ന സുവിശേഷ പ്രവർത്തനങ്ങളാണ് ഇമാം സുവാർത്താ മിഷന്റേത്. Injil Ministries Alliance Mission–ന്റെ ചുരുക്കപ്പേരായും (IMAM) ഇമാം അറിയപ്പെടുന്നു. ഏവൻഗേലിയോന് അറബിയിൽ ഉപയോഗിക്കുന്ന പദമാണ് ഇഞ്ചീൽ.

ലഘുലേഖ വിതരണം, പോസ്റ്റൽ ഇവാഞ്ചലിസം, പേഴ്സണൽ ഇവാഞ്ചലിസം, ഗോസ്പൽ ടൂർ, ഫോളോ അപ്പ് മിനിസ്ട്രി, പ്രാർത്ഥനാ സമാജങ്ങൾ ധ്യാനയോഗങ്ങളും കൺവൻഷൻ യോഗങ്ങളും തുടങ്ങിയവ പള്ളികളുടേയും പ്രാർത്ഥനാ സമാജങ്ങളുടേയും സഹകരണത്തോടെ ഇമാം സുവാർത്താ മിഷൻ നടത്തിവരുന്നു. തികച്ചും വിശ്വാസത്താൽ മാത്രമാണ് ഈ പ്രവർത്തനങ്ങൾ മുന്നേറുന്നത്.

പോൾ സിനിരാജ് മുഹമ്മദ്, (ഡയറക്ടർ, ഇമാം സുവാർത്താ മിഷൻ) ഇമാം നഗർ, മണർകാട് P. O. കോട്ടയം–686919, കേരള.

## മൂന്നൂറാം ഓർമ്മപ്പെരുനാൾ

ആയിരത്തി അറുന്നൂറിൽ പരം വർഷങ്ങൾ പഴക്കമുള്ള കടമ്പനാട് സെ. തോമസ് ഓർത്തഡോക്സ് പള്ളിയിൽ കബറടങ്ങിയ മൂന്നാം മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ മുന്നൂറാം ഓർമ്മപെരുന്നാൾ ആഘോഷപൂർവ്വം ഈ വർഷം ഏപ്രിൽ 21, 22 തീയതികളിൽ നടത്തുന്നതിന് ഇടവകമെത്രാപ്പോലീത്താ മാത്യൂസ് മാർ കൂറിലോസ് തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ചേർന്ന ഇടവക പൊതുയോഗം തീരുമാനിച്ചു കഴിഞ്ഞു.


MATRIMONIAL

James 28/180 fair and handsome, electrical incharge Saudi Arabia, expecting leave shortly, seek alliance from parents of employed girls of Orthodox Syrian X'ian, preferably Bombay based.

Box No. 138
C/o Malankara Sabha
Kottayam-686 038




300–ാം ഓർമ്മപെരുനാളിനോടനുബന്ധിച്ച് ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധപ്പെടുത്തുന്നതിനും, ഒരു കമ്മ്യൂണിററിഹാൾ അദ്ദേഹത്തിന്റെ മെമ്മോറിയലായി നിർമ്മിക്കുന്നതിനും, ധ്യാനയോഗങ്ങൾ, സെമിനാറുകൾ, സിമ്പോസിയം മുതലായവ നടത്തുന്നതിനും ഇടവകയിലെ ഭവനരഹിതർക്ക ഭവനങ്ങൾ വച്ചുകൊടുക്കുന്നതിനും പൊതു സമ്മേളനം നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

മൂന്നാം മാർത്തോമ്മായെ സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങളോ ചിത്രങ്ങളോ ആരുടെയെങ്കിലും കയ്യിൽ ഉണ്ടെങ്കിൽ അവ സ്മാരകഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വികാരി റവ. ഫാ. എം. എൽ. തോമസ്, സെ. തോമസ് ഓർത്തഡോക്സ് ചർച്ച് കടമ്പനാട് എന്ന മേൽ വിലാസത്തിൽ അയച്ചു കൊടുക്കണമെന്ന് അറിയിക്കുന്നു.

## വിമ്മി മറിയം ജോർജ്



ഓർത്തഡോക്സ് സണ്ടേസ്കൂൾ അസോസ്യേഷൻ കോട്ടയം സെൻട്രൽ ഭദ്രാസന അടിസ്ഥാനത്തിൽ നടത്തപ്പെട്ട ജൂണിയർ വിഭാഗം സംഗീത മത്സരത്തിലും സെൻട്രൽ സോൺ മത്സരത്തിലും വിമ്മി മറിയം ജോർജ്ജ് ഒന്നാം സമ്മാനത്തിന് അർഹയായി. കോട്ടയം മാർ ഏലിയാ കത്തീഡ്രൽ വിദ്യാർത്ഥിനിയാണ് വിമ്മി മറിയം ജോർജ്.

## നാല്പതാം അടിയന്തിരം.

ദീർഘകാലം ബോംബെ ഭദ്രാസന സെക്രട്ടറിയും ദാദർ പള്ളി വികാരിയുമായിരുന്ന നിര്യാതനായ ഫാ. സി. സി. ഗീവർഗീസിന്റെ നാല്പതാം അടിയന്തിരം ഫെബ്രുവരി 20–ാം തീയതി ഞായറാഴ്ച ദാദർ പള്ളിയിൽ നടത്തി. വി. കുർബ്ബാനയെ തുടർന്ന് നടത്തപ്പെട്ട അനുശോചന യോഗത്തിൽ ഫാ. പൗലൂസ് ആദായി ആദ്ധ്യക്ഷം വഹിച്ചു. കെ. എം. ഫിലിപ്പ്, ററി. ഓ. ജേക്കബ്, ജോയി കെ. വർഗീസ്, കെ. ററി. തോമസ്, കുഞ്ഞമ്മ തോമസ്, കെ. വി. ജോസഫ്, എം. എം. ജോർജ് എന്നിവർ പ്രസംഗിച്ചു. യോഗം ബ. അച്ചന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. നേർച്ചവിളമ്പും ഉണ്ടായിരുന്നു.

## ഗായകസംഘം രൂപീകരിച്ചു.

കോട്ടയം: കോട്ടയം കേന്ദ്രമാക്കി 'ഓർത്തഡോക്സ് ഗായകസംഘം' എന്ന പേരിൽ പള്ളി ആരാധനാ ഗീതങ്ങൾ, വിവാഹ കൂദാശാഗീതങ്ങൾ, ക്രൈസ്തവ ഭക്തിഗാനങ്ങൾ എന്നിവ ആലപിക്കുന്ന ഒരു ഗായകസംഘം രൂപീകരിച്ചിരിക്കുന്നു.

പരിശുദ്ധ ബാവാ തിരുമനസ്സിലെ സെക്രട്ടറിയായിരുന്ന ഫാ. എബ്രഹാം പുതുമനയാണ് ഗായകസംഘം ഡയറക്ടർ. ഇതിന്റെ പ്രവർത്തനം ആവശ്യമുള്ളവർ ഫാ. എബ്രഹാം പുതുമന, കാതോലിക്കേററ് ഓഫീസ്, ദേവലോകം, കോട്ടയം–38 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.


FORM IV

MALANKARA SABHA

| | | |
|---|---|---|
| 1 | Place of Publication: | Kottayam |
| 2 | Periodicity | Monthly |
| 3 | Printer's Name | Rev. Fr. T. G. Zacharia |
| | Whether Citizen of India | Yes |
| | Address | Catholicate Aramana, Kottayam-686038 |
| 4 | Publisher | Rev. Fr. T. G. Zacharia |
| | Address | Item No. 4 |
| 5 | Editor's Name | Very Rev. Dr. N. J. Thomas Ramban |
| | Whether Citizen of India | Yes |
| | Address | Item No. 4 |
| 6 | Name and Address of the owner | The Orthodox Viswasa Paripalana Samithy Devalokam, Kottayam-686038 |

I Rev. Fr. T. G. Zacharia hereby declare that the particulars given above are true to the best of my knowledge and belief.

Dated 25-2-1988 Fr. T. G. Zacharia

# ബൈബിൾ പഠനം

## ഡീ. എം. സി. ചെറിയാൻ

**പാഠം 61**

**1 പത്രോസ്**

വിജയിയുടെ പേരും വിലാസവും

പേര്. Thankamma Abraham

വിലാസം. T. 2841 Padirya Rly Colony
Anand Gujarat

ഭദ്രാസനം: ബോംബെ

രജി. നമ്പർ. 3904

**പാഠം 64**

**യോഹന്നാൻ എഴുതിയ**

**2-ാം ലേഖനം**

പ്രവേശനഫാറം

പേര് ..................................................

വിലാസം..................................................

ഭദ്രാസനം ..................................................

രജി: നമ്പർ ....................

**ഉത്തരം**

1. 5 (1:1) പൊന്തൊസ്, ഗലാത്യ, കപ്പദോക്യ, ആസ്യ, ബിഥുന്യ.
2. 9 (1:1, 2, 3, 7, 13, 2:5, 3:21, 4:11)
3. 3 (1:5) ക്ഷയം, മാലിന്യം, വാട്ടം.
4. 5 (2:1) ദുഷ്ടത, ചതിവ്, വ്യാജഭാവം, അസൂയ, നുണ.
5. 5 (2:13, 14, 18, 3:1, 5:5)
6. 2 (3:19, 4:5)
7. 1 (4:16)
8. 3 (1:7, 19, 3:4) വിലയേറിയ വിശ്വാസത്തിന്റെ പരിശോധന, കുഞ്ഞാടിന്റെ വിലയേറിയ രക്തം.
9. 8 (3:20) സൗമ്യതയും......വിലയേറിയതാകുന്നു.
10. 6 (4:2, 3) കാമാർത്തി, മോഹം, വീഞ്ഞുകുടി, വെറിക്കൂത്ത്, മദ്യപാനം, വിഗ്രഹാരാധന.
11. 61

**പാഠം 61**

1. തങ്കമ്മ ഏബ്രഹാം, ഗുജറാത്ത്
2. വി. എം. പൗലോസ്, വയനാട്
3. കോശി മത്തായി, നന്ദിനി
4. റി. ജെ. സ്കറിയാ, തുമ്പമൺ
5. പി. സി. ചെറിയാൻ, ഭിർഗ്
6. സഖറിയാ പനയ്ക്കാമററം, ഫരിദാബാദ്
7. എം. വി. പൗലോസ്, ചെല്ലങ്കോട്ട്
8. ഏത്സി തോമസ്, കരഗ്പൂർ
9. മാത്യു ശമുവേൽ, കലയപുരം
10. പുഷ്പ ജോർജ്, കോയിപ്രം
11. മറിയാമ്മ വറുഗീസ്, മല്ലപ്പള്ളി
12. ഷേഴ്സി ജോഷി, ചെങ്ങന്നൂർ
13. ഡോ. ഏലിയാമ്മ ഐസക്ക്, പുത്തൂർ
14. റേച്ചൽ ചാക്കോ, ആനിക്കാട്ട്
15. തോമസ് കെ. ചാണ്ടി, കോയിപ്രം
16. സാറാമ്മ തോമസ്, മലാട്ട്
17. പൊന്നമ്മ തോമസ്, അഹമ്മദബാദ്
18. മോളി മാത്യു, നാരങ്ങാനം
19. സാറാമ്മ കുറിയാക്കോസ്, കല്ലിശ്ശേരി
20. വി, സി. മാത്യു, പുനലൂർ
21. ക്ഷേമ മാത്യു, പുതുപ്പള്ളി
22. സിസ്സി ജോർജ്, കളനട
23. ജോൺ വറുഗീസ്, പഴഞ്ഞി
24. ജയിംസ് ഒ. എം. തൃക്കളത്തൂർ
25. ജെസ്സി ജോർജ്, കുളനട
26. സൂസ മെർലിൻ, കളനട
27. റി. ഡി. ജോർജ്ജുകുട്ടി, മദ്രാസ്
28. ജിജി മത്തായി, ചെങ്ങമനാട്ട്
29. ശോശാമ്മ തോമസ്, കിടങ്ങന്നൂർ
30. ചിന്നമ്മ ബേബി, അടൂർ
31. ജി. കുട്ടി, ചെറിയനാട്ട്
32. മേരിക്കുട്ടി ജോർജ്, കളനട
33. മോളി ചെറിയാൻ, ഇടുക്കി
34. ലാലി മാത്യു, ബറോഡ
35. ആനി ചീരൻ, പഴഞ്ഞി
36. തോമസ് വി. സഖറിയാ, കടപ്ര

**പാഠം 64**

**യോഹന്നാൻ എഴുതിയ രണ്ടാം ലേഖനം**

1. ലേഖനത്തിൽ ആകെ വാക്യം.
2. രണ്ടു പുസ്തകങ്ങൾ വീതമുള്ള എത്ര പുതിയനിയമപുസ്തകങ്ങൾ.
3. സത്യം, സത്യത്തെ മുതലായ എത്ര പദം.
4. നായകിയാർ. എത്ര പ്രാവശ്യം
5. മാന്യ എന്ന പദം എത്ര പ്രാവശ്യം
6. സ്നേഹത്തിലും സത്യത്തിലും എത്രകാര്യം നമ്മോടുകൂടെ ഇരിക്കണം.
7. കല്പന എന്ന പദം എത്ര പ്രാവശ്യം.
8. വന്ദനം ചൊല്ലികൊണ്ടോ അതിനാഹ്വാനം ചെയ്തുകൊണ്ടോ അവസാനിക്കുന്ന എത്ര ലേഖനങ്ങൾ പുതിയനിയമത്തിലുണ്ട്.
9. പിതാവ്, പിതാവായ മുതലായ എത്ര പദം.
10. മക്കൾ, മക്കളിൽ മുതലായ എത്ര പദം.
11. ചോദ്യം 2–നോട് ചോദ്യം 3 കൂട്ടുക. അതിൽനിന്നും ചോദ്യം 7 കുറയ്ക്കുക. അതിനെ ചോദ്യം 8 കൊണ്ട് ഹരിക്കുക. വീണ്ടും ചോദ്യം 6 കൊണ്ട് ഹരിക്കുക. അതിനെ ചോദ്യം 5 കൊണ്ട് ഗുണിക്കുക. അതിൽനിന്ന് ചോദ്യം 4 കുറയ്ക്കുക. അതിനോട് ചോദ്യം 1 കൂട്ടുക. വീണ്ടും ചോദ്യം 10 കൂട്ടുക. അതിനെ ചോദ്യം 9 കൊണ്ട് ഗുണിക്കുക. നിങ്ങളുടെ ഉത്തരം എത്ര.

പാഠം 61–ന്റെ ഉത്തരവും വിജയികളുടെ പേരും ചേർക്കുന്നു. മുൻപ് സൂചിപ്പിച്ചിട്ടുള്ളതുപോലെ നിങ്ങളുടെ ഉത്തരം ശരിയോ എന്നു പരിശോധിക്കുവാൻ ഒരു എളുപ്പ വഴി. പാഠം 11–ന്റെ ഉത്തരം പാഠത്തിന്റെ നമ്പർ വരത്തക്കവണ്ണമാണ് ക്രമീകരിക്കുന്നത്. 11–ാം ഉത്തരം വിജയിക്കുന്നതിലും ആദ്യത്തെ 10 ഉത്തരം ശരിയാക്കുന്നതിലും ശ്രദ്ധിക്കുമല്ലോ.

കഴിഞ്ഞ അഞ്ചു വർഷക്കാലമായി ഈ പഠന പംക്തി ആരംഭിച്ചിട്ടുണ്ട്. വായനക്കാർക്കായി 'ബൈബിൾ മാരത്തോൺ' എന്ന മത്സരം നടത്തുവാൻ ആഗ്രഹിക്കുന്നു. ബൈബിളിലെ പുസ്തകങ്ങളുടെ സ്ഥാനവും മററും അറിയുക എന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്, വാക്യങ്ങൾ വളരെ വേഗത്തിൽ എടുക്കുകയാണ് ലക്ഷ്യം. കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ അറിയിക്കുന്നതാണ്.

തുടർച്ചയായോ, പന്ത്രണ്ടോ അതിലധികമോ പാഠങ്ങളിൽ വിജയികളായവർക്കും പ്രോത്സാഹന സമ്മാനം നൽകുന്നതാണ്. പാഠങ്ങളുടെ വിവരം ഉത്തരത്തോടൊപ്പം അയയ്ക്കുണ്ട. സെപ്ററംബർ മാസത്തിൽ ലഭിക്കത്തക്കവണ്ണം അയച്ചുതന്നാൽ വേണ്ട ക്രമീകരണം ചെയ്യാം.

പാഠം 64–ന്റെ ഉത്തരം അടുത്ത മാസം 25–ാം തീയതിക്കു മുമ്പായി പാഠം 64, ബൈബിൾ പഠനം C/o Dn. M. C. Cherian, Orthodox Student Centre, Trivandrum-1 695001 എന്ന വിലാസത്തിൽ അയയ്ക്കുക.

—ം—

## വെല്ലൂർ പ്രവേശനം

വെല്ലൂർ മെഡിക്കൽ കോളജിൽ M B B S, Paramedical Course എന്നിവകളിലേക്ക് മലങ്കര ഓർത്തഡോക്സ് സഭയുടെ ശുപാർശയോടുകൂടി പ്രവേശനം ആഗ്രഹിക്കുന്നവർ 60 പൈസ സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസമെഴുതിയ കവർസഹിതം Vellore Sponsoring Committee, C/o Orthodox Students Centre, Kottayam–686001 എന്ന വിലാസത്തിൽ അപേക്ഷിക്കണം.

സഭ വക ആശുപത്രികളിൽ നിന്നും ശുപാർശ ചെയ്യുന്നവർക്കു മാത്രമേ പാരാമെഡിക്കൽ കോഴ്സുകൾക്ക് സ്പോൺസറിംഗ് ലഭിക്കുകയുള്ളു.

1200 രൂപയിൽ കുറഞ്ഞ വാർഷിക വരുമാനം ഉള്ളവരുടെ മക്കൾക്ക് ദുർബല വിഭാഗാടിസ്ഥാനത്തിൽ അഡ്മിഷന് കൂടുതൽ സാദ്ധ്യതകളുണ്ട്. അഡ്മിഷൻ കിട്ടിയാൽ അവർ വെല്ലൂരിൽ നിന്നുള്ള പൂർണ്ണ സ്കോളർഷിപ്പിനു അർഹരാണ്. സ്പോൺസറിംഗ് ഫോമിനോടൊപ്പം അവരുടെ വരുമാന സർട്ടിഫിക്കററും വച്ചിരിക്കണം. പൂരിപ്പിച്ച അപേക്ഷകൾ മെയ് മൂന്നിനകം മേൽപറഞ്ഞ വിലാസത്തിൽ അയച്ചിരിക്കണം.

M.B.B.S. ന് 35 രൂപായുടെയും Paramedical ന് 25 രൂപയുടെയും ഡ്രാഫ്ററുകൾ Registar, Christian Medical College, Bagayam, Vellore-632002 എന്ന വിലാസത്തിലയച്ചാൽ വെല്ലൂർ മെഡിക്കൽ കോളജിൽ നിന്നുള്ള അപേക്ഷ ലഭിക്കും. State Bank of India, Bagayam Branch ലേക്കോ Central Bank of India, Vellore ലേക്കോ എടുക്കുന്ന Draft കൾ മാത്രമേ കോളജ് സ്വീകരിക്കുകയുള്ളു. (Draft favouring C.M.C. Vellore Association A/c) ആണ് എടുക്കേണ്ടത്.

ബി. എസ്.സി. നേഴ്സിംഗിനും അപേക്ഷ അയയ്ക്കേണ്ട സമയമായിട്ടുണ്ടെങ്കിലും അതേപ്പററി കൂടുതൽ വിവരങ്ങൾ വെല്ലൂരിൽ നിന്നും ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച principal, School of Nursing C M C, Vellore–4 മായി ബന്ധപ്പെടുക.

Sponsoring Form 10 രൂപയ്ക്ക് കോട്ടയം Students centre–ൽ നിന്നും ലഭിക്കുന്നതാണ്.

# മരുഭൂമിയിലെ നീരുറവ

## സെൻറ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ

### സൗദി അറേബ്യ

1975 സെപ്റ്റംബർ 12–ാം തീയതി അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻെറ 1988–ലെ താഴെ കൊടുത്തിരിക്കുന്ന ജീവകാരുണ്യ ധനസഹായങ്ങൾ അർഹതയുടെ അടിസ്ഥാനത്തിൽ നൽകുന്നതാണ്. ചികിത്സാസഹായത്തിന് ജാതിമതഭേദമെന്യേ ആർക്കും അപേക്ഷിക്കാം. മററു സഹായങ്ങൾ മുഖ്യമായും ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് നൽകുന്നു.

1. **ചികിൽസാ ധനസഹായം:** നിരാവലംബരും സാധുക്കളുമായ രോഗികൾക്ക് നൽകുന്നു. ഇടവക വികാരിയുടെ ശുപാർശയും രോഗവിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കേററും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഓർത്തഡോക്സ് സഭാംഗങ്ങളല്ലാത്തവർ സമീപത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെ ശുപാർശയോടുകൂടി അപേക്ഷ അയച്ചിരിക്കണം. കൂടാതെ കോലഞ്ചേരി, കണ്ടനാട്, പരുമല, ശാസ്താംകോട്ട എന്നീ സ്ഥലങ്ങളിലെ സഭവക മിഷൻ ആശുപത്രികൾ വഴിയായും സാധുക്കളായ രോഗികളെ സഹായിച്ചുവരുന്നു.

2. **വിവാഹ ധനസഹായം:** നിർദ്ധന കുടുംബത്തിലെ, പ്രത്യേകിച്ചും മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്തവരായ പെൺകുട്ടികളുടെ വിവാഹത്തിന് മുൻഗണന നൽകുന്നു. ഇടവക വികാരിയുടെയും ഇടവക മാനേജിംഗ് കമ്മററിയുടെയും ശുപാർശയോടുകൂടി കുറഞ്ഞത് ഒരു മാസം മുൻപെങ്കിലും അപേക്ഷ കിട്ടിയിരിക്കണം. അർഹരായവർക്ക് ദേശകുറിയുടെ കോപ്പി കിട്ടിയതിന് ശേഷമേ സഹായം ലഭിക്കുകയുള്ളു.

3. **വിദ്യാഭ്യാസ ധനസഹായം:** നിർദ്ധനരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥി–വിദ്യാർത്ഥിനികൾക്ക് SSC–ക്ക് ശേഷമുള്ള വിദ്യാഭ്യാസത്തിന് നൽകുന്നു. ഫൈനൽ പരീക്ഷയുടെ അററസ്റ്റു ചെയ്ത മാർക്കലിസ്റ്റും കോഴ്സ് സർട്ടിഫിക്കററും സ്വഭാവ സർട്ടിഫിക്കററും അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 1988 ആഗസ്റ്റ് 15–ന് മുമ്പ് കിട്ടിയിരിക്കണം.

4. **ഭവനനിർമ്മാണ ധനസഹായം:** സ്വന്തമായി സ്ഥലമുള്ളവരും വീടുപണിയുവാൻ സാമ്പത്തികശേഷി ഇല്ലാത്തവരുമായ കോട്ടയം സെൻറർ, കൊല്ലം ഭദ്രാസനങ്ങളിലെ ഓരോ അപേക്ഷകന് 15000 രൂപാ വീതം നൽകുന്നു. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറെറടുത്തു നടത്തി ഒരു വർഷത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക മാനേജിംഗ് കമ്മററിയുടെയും ഏതെങ്കിലും ആദ്ധ്യാത്മിക സംഘടനയുടെയും സമ്മതപത്രം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററിയുടെയും ശുപാർശയോടുകൂടി അപേക്ഷകൾ 1988 ജൂൺ 30–ന് മുമ്പ് കിട്ടിയിരിക്കണം.

5. **മററു സഹായങ്ങൾ:** അംഗവൈകല്യം സംഭവിച്ച അശരണരോ, ജീവസന്ധാരണത്തിന് ബുദ്ധിമുട്ടുന്ന അർഹരായ സാധുക്കളോ ഇടവക വികാരിയുടെയും മാനേജിംഗ് കമ്മററിയുടെയും ശുപാർശ സഹിതം അപേക്ഷിച്ചാൽ സഹായത്തിനായി പരിഗണിക്കുന്നതാണ്.

6. **Special Project:** സഭയിലെ ആതുരസ്ഥാപനങ്ങൾക്ക് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നു. മെത്രാപ്പോലീത്തായുടെ ശുപാർശ സഹിതം അപേക്ഷകൾ 1988 ജൂൺ 30–ന് മുൻപ് കിട്ടിയിരിക്കണം.

ഇടവക ആദ്ധ്യാത്മിക സംഘടനകളിൽ പ്രവർത്തിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. ചികിത്സാ ധനസഹായത്തിനും വിദ്യാഭ്യാസ ധനസഹായത്തിനും ഒഴികെയുള്ള ഇനങ്ങൾക്ക് ഒരു ഇടവകയിൽ നിന്ന് ഒന്നിൽ കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

# മരുഭൂമിയിലെ നീരുറവ

## ധനസഹായ അപേക്ഷാഫോറം

ഏതു തരത്തിലുള്ള സഹായത്തിന് അപേക്ഷിക്കുന്നു:

പേര്: തപാൽ മേൽവിലാസം: P. O. പിൻകോഡ്:

ഇടവക: ഭദ്രാസനം: വയസ്സ്: തൊഴിൽ:

വാർഷിക വരുമാനം: ഭൂസ്വത്ത് വിവരം: വിദ്യാഭ്യാസ യോഗ്യത:

ഇടവകയിലെ ആദ്ധ്യാത്മിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന വിവരം

ഇതിനുമുമ്പ് ഇവിടേക്ക് ധനസഹായത്തിന് അപേക്ഷിച്ചിട്ടുണ്ടോ? ഉണ്ട് എങ്കിൽ–എന്ന്

എപ്പോഴെങ്കിലും ഈ കോൺഗ്രിഗേഷനിൽ നിന്നോ മററു സംഘടനകളിലോ ഇടവകകളിലോ നിന്നോ എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ?

ഉണ്ട് എങ്കിൽ–എവിടെനിന്ന്, എപ്പോൾ, എന്താവശ്യത്തിന്? എത്ര തുക ലഭിച്ചു?

ഇതേ ആവശ്യത്തിന് മററു സ്ഥലങ്ങളിലേക്ക് അപേക്ഷ അയച്ചിട്ടുണ്ടോ?

ഉണ്ട് എങ്കിൽ–എവിടേക്ക്? എപ്പോൾ?

കുടുംബാംഗങ്ങളുടെ / ആശ്രിതരുടെ പൂർണ്ണവിവരം

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ് | തൊഴിൽ | വാർഷിക വരുമാനം |
|---|---|---|---|---|
| | | | | |

പരിഗണനാർഹമായ മററു പരാധീനതകൾ ഉണ്ടെങ്കിൽ ചുരുക്കത്തിൽ എഴുതുക.

അപേക്ഷകൻെറ ഒപ്പ്: തീയതി:

അപേക്ഷ സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള ഇടവക വികാരിയുടെ ശുപാർശയും, ഒപ്പും, പേരും മേൽവിലാസവും, പള്ളിയുടെ സീലും.

ശ്രദ്ധിക്കുക: ഈ ഫാറത്തിലെ വിവരങ്ങൾ പ്രത്യേകം കടലാസിൽ എഴുതി അയയ്ക്കുക. അപേക്ഷകരുടെ മേൽവിലാസത്തിൽ അവരുടെ പോസ്റ്റാഫീസ് പിൻകോഡ് കാണിച്ചിരിക്കണം. സത്യമായ വിവരങ്ങൾ അടങ്ങിയതും പൂർണ്ണവുമായ അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു. അപേക്ഷകൾ ഒറ്റയിൻ കവറിൽ 20 ഗ്രാമിൽ കൂടാതെ സാധാരണ തപാലിൽ അയയ്ക്കുക.

മാനേജിംഗ് കമ്മററി.

---

ഈ ഷീററിൻെറ മുകളിൽ കൊടുത്തിരിക്കുന്നതുപോലെ അപേക്ഷാഫോറം തയ്യാറാക്കി പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ മാത്രം അയയ്ക്കുക.

Mathew Alexander, MEDCO, P. O. Box 1140, Alkhobar 31952, Saudi Arabia.

**പ്രത്യേകം ശ്രദ്ധിക്കുക:** അയയ്ക്കുന്ന കവറിൻെറ പുറത്ത് പള്ളിമുദ്രയോ, കുരിശടയാളമോ, ഈ കോൺഗ്രിഗേഷൻെറ പേരോ ഉണ്ടായിരിക്കരുത്. രജിസ്റ്റേർഡ് തപാലിൽ അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

1988 ഫെബ്രുവരി 5 മാനേജിംഗ് കമ്മററി.

## വിദ്യാഭ്യാസ മാർഗ്ഗ നിർദ്ദേശക ക്യാമ്പ്

SSLC പരീക്ഷയിൽ കൂടുതൽ മാർക്കു് സമ്പാദിക്കത്തക്കവണ്ണം ഓർത്തഡോക്സ് സമാംഗങ്ങളായ വിദ്യാർത്ഥിനീ വിദ്യാർത്ഥികളെ ഒരുക്കുവാനായി ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം സംഘടിപ്പിക്കുന്ന ഈ വർഷത്തെ വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശക ക്യാമ്പ് 1988 ഏപ്രിൽ 10 മുതൽ 17 വരെ പരുമല സെമിനാരിയിൽ വച്ചു നടത്തുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. ഒൻപതാം ക്ലാസ്സിലെ പരീക്ഷകളിൽ 60%–ൽ കൂടുതൽ മാർക്കു വാങ്ങുന്ന വിദ്യാർത്ഥികൾക്കു് ഇതിനു് അപേക്ഷിക്കാം. അപേക്ഷകരിൽ ഏററവും കൂടുതൽ മാർക്കുള്ള 50 കുട്ടികൾക്കു് മാത്രമാണ് ക്യാമ്പിൽ പ്രവേശനം നൽകുന്നതു്. സമർത്ഥരായ വിദ്യാർത്ഥികളുടെ കഴിവുകൾ പരമാവധി പരിപോഷിപ്പിച്ചു് അവരെ ദൈവത്തിനും, സഭയ്ക്കും, രാഷ്ട്രത്തിനും പ്രയോജനമുള്ളവരും വിദ്യാർത്ഥിലോകത്തിനു് മാതൃക നൽകുന്നവരും ആക്കിത്തീർക്കുവാനുള്ള ഒരു സംരംഭമാണ് ഇതു്.

ഓരോ വിഷയവും നന്നായി പഠിക്കുവാനും പരീക്ഷയിൽ കൂടുതൽ മാർക്കു് കരസ്ഥമാക്കുവാനുമായി മൂല്യങ്ങളായ നിർദ്ദേശങ്ങൾ ലഭിക്കത്തക്കവണ്ണം ഏററവും പ്രഗത്ഭരായ അദ്ധ്യാപകരാണ് ക്യാമ്പിൽ നേതൃത്വം നൽകുന്നതു്. അതോടൊപ്പം വായനാ ശീലം, പെരുമാററ മര്യാദകൾ, വ്യക്തിത്വ വികസനം, ആദ്ധ്യാത്മിക ജീവിതം, സഭാചരിത്രം, വിശ്വാസാചാരങ്ങൾ എന്നിവയെക്കുറിച്ചു് പ്രത്യേകം ക്ലാസ്സുകൾ ഉണ്ടായിരിക്കും. കൂടാതെ പ്രസംഗ പരിശീലനം നേതൃത്വ പരിശീലനം, സംഗീത പരിശീലനം, ആനുകാലിക വിഷയങ്ങൾ ആഴമായി ഗ്രഹിക്കത്തക്കവണ്ണമുള്ള സെമിനാറുകൾ പ്രശസ്ത വ്യക്തികളുടെ ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കൽ എന്നിവയും ക്യാമ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

ഭക്ഷണം, താമസം എന്നിവയ്ക്കായി ക്യാമ്പിൽ ഓരോ വ്യക്തിക്കും ചെലവാകുന്നതിന്റെ ഏകദേശം പകുതി തുകയാണ് (150 രൂപാ) കുട്ടികളിൽ നിന്നു് ഈടാക്കുന്നതു്. സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്കു് ഇടവക വികാരിയുടെ ശുപാർശ സഹിതം അപേക്ഷിച്ചാൽ അർഹത അനുസരിച്ചു് ഫീസ് ഇളവു ചെയ്തുകൊടുക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 70 പൈസ സ്റ്റാമ്പൊട്ടിച്ച കവർ സഹിതം ഫാ. തോമസ് കുരുൻ, ഓർത്തഡോക്സ് സ്റ്റുഡൻറ് സെൻറർ, കോട്ടയം–686001 എന്ന വിലാസത്തിൽ എഴുതിയാൽ പ്രവേശനഫാറം ലഭിക്കുന്നതാണ്.

## തിരുത്ത്

(കഴിഞ്ഞ ലക്കം മാസികയിൽ മലങ്കരസഭയുടെ ആയുഷ്കാല മെമ്പറന്മാർ എന്ന ഹെഡിംഗിൽ ചേർത്തിരുന്നതു് സൊസൈററിയിൽ മെമ്പർഷിപ്പ് എടുത്തിട്ടുള്ളവരുടേതായിരുന്നു. ഇങ്ങനെ ഒരു പിശക വന്നതിൽ ഖേദിക്കുന്നു. പ.)


## വേദപുസ്തകഭാഷ്യം

രണ്ടാം പതിപ്പ്

ഭാരതീയ ഭാഷയിൽ ഇദംപ്രഥമമായി പ്രസിദ്ധീകരിച്ചതും ഏവരുടെയും മുക്തകണ്ഠമായ പ്രശംസ നേടിയതുമായ ബൈബിൾ വ്യാഖ്യാന ഗ്രന്ഥം.

പ്രസിദ്ധപ്പെടുത്തിയ ശേഷമുള്ള വില രൂ. 225.

പ്രീ പബ്ലിക്കേഷൻ വില രൂ. 150.

(50 രൂ. മൂന്നു തവണകളായി)

ഒന്നിച്ചടച്ചാൽ 140 രൂ. ആദ്യത്തെ 1000 ഓർഡറുകൾക്ക് 130 രൂപാ വില വരുന്ന അപ്പൊക്രിഫാ, സഭാചരിത്ര ഡിക്ഷണറി എന്ന ഗ്രന്ഥങ്ങൾ 60 രൂപായ്ക്കു ലഭ്യമാണ്.

TLC, CLS ആഫീസുകളിലും സഭകളുടെ ബുക്കു് ഷോപ്പുകളിലും ബുക്കു ചെയ്യാവുന്നതാണ്.


**FOR FAVOURS RECEIVED**

താമസിച്ചതിനു് ക്ഷമാപണം



P. C. VARGHESE
LILLY VARGHESE
LIJU & SAJU

Licence No. 475
11th APRIL 1946
Registered No. KL—KTM—38

# THE MALANKARA SABHA

Catholicate Office, Kottayam—686 038

FOR FAVOURS RECEIVED
താമസിച്ചതിനു് ക്ഷമാപണം



P. C. VARGHESE
LILLY VARGHESE
LIJU & SAJU

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very. Rev. Ramban Dr. N. J. Thomas